03
2022
ജനുവരി
തിങ്കൾ
ധനു 19

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 214 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-214 | പേജ് 4. വില 2.00 രൂപ




02 ഹൈക്കോടതിയും ഇനി ഇ ഫയലിങിൽ

03 തദ്ദേശ സ്വയംഭരണത്തിന് ഒറ്റവകുപ്പ്: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

04 കേരള, ലക്ഷദ്വീപ് സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ഇന്നു മടങ്ങും

## ഒമിക്രോൺ: ദക്ഷിണാഫ്രിക്കയിൽ ഭീതിയൊഴിഞ്ഞു, യുഎസിലും യൂറോപ്പിലും പടരുന്നു

**പി സെറ്റല്ലസ്**

ജൊഹാനസ്ബർഗ്: കോവിഡിന്റെ പുതിയ വകഭേദമായ ഒമിക്രോൺ അതിതീവ്ര വ്യാപനത്തിൽ നിന്ന് കരകയറിയതായി ദക്ഷിണാഫ്രിക്ക. തുടർന്ന് രാത്രി കർഫ്യൂ പോലുള്ള നിയന്ത്രണങ്ങൾ എടുത്തു കളഞ്ഞു. മുൻ കോവിഡ് വകഭേദങ്ങളെ അപേക്ഷിച്ച് ഒമിക്രോണിന് വ്യാപനശേഷിയുണ്ടെങ്കിലും തീവ്രത കുറവാണന്നും അതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണം കുറവാണെന്നും അധികൃതർ അറിയിച്ചു.




ഒമിക്രോൺ വകഭേദം ആദ്യമായി റിപ്പോർട്ട് ചെയ്തത് ദക്ഷിണാഫ്രിക്കയിലാണ്. രാജ്യത്തു ഉടനീളമുള്ള ആശുപത്രികളിൽ പ്രവേശിപ്പിക്കുന്ന കോവിഡ് രോഗികളുടെ എണ്ണത്തിൽ വൻ കുറവ് വന്നതായും ദക്ഷിണാഫ്രിക്ക വിലയിരുത്തി.ഡിസംബർ 25ന് അവസാനിച്ച ആഴ്ചയിൽ 89,781 പേർക്കാണ് രോഗ ബാധ സ്ഥിരീകരിച്ചത്.അതിന് തൊട്ടു മുമ്പുള്ള ആഴ്ചയിൽ 127,753 കോവിഡ് രോഗികളാണുണ്ടായിരുന്നത്.

കോവിഡിന്റെ ഒമിക്രോൺ, ഡെൽറ്റ വകഭേദങ്ങൾ കോവിഡ് സുനാമിക്ക് കാരണമാകുമെന്ന് ലോകാരോഗ്യ സംഘന മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിനു പിന്നാലെയാണ് ദക്ഷിണാഫ്രിക്കൻ സർക്കാരിന്റെ അറിയിപ്പ്. ജനങ്ങൾ വാക്സിൻ സ്വീകരിക്കുകയും മാസ്‌ക് ധരിക്കുകയും ചെയ്യണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു.

അതിനിടെ യൂറോപ്പിലും യു.എസിലും ഒമി ക്രോൺ പടരുകയാണ്. ഫ്രാസിൽ കഴിഞ്ഞ ദിവസം രണ്ടു ലക്ഷത്തിലെറെ പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്.ഏറിയ പങ്കും ഒമിക്രോൺ വകഭേദമാണ്.

സ്പയിനിൽ ആദ്യമായി പ്രതിദിന കോവിഡ് കേസുകൾ 1000 കടന്നു.ലോകത്തിലാദ്യമായി ഇസ്രായേലിൽ കോവിഡ് വാക്സിന്റെ നാലാം ഡോസിന് അനുമതി നൽകി.ഇസ്രയേൽ ആരോഗ്യ മന്ത്രാലയം ഡയറക്ടർ ജനൽ ഷ്മാൻ ആഷ് ആണ് കോവിഡ് പ്രതിരോധ പ്രവർത്തനം ഊർജിതമാക്കുതിന്റെ ഭാഗമായി നാലാമത്തെ ഡോസിനും അനുമതി നൽകിയതായി പ്രഖ്യാപിച്ചത്.



## ലഹരിമരുന്നുമായി ആറു പേർ പിടിയിൽ

### പൊലീസിനെ കണ്ട് ഫ്ലാറ്റിൽ നിന്ന് താഴെക്ക് ചാടി യുവാവ്

**സ്വന്തം ലേഖകൻ**

കാക്കനാട് : പുതുവർഷാഘോഷത്തിന് എത്തിച്ച ലഹരിമരുന്നുമായി യുവതി ഉൾപ്പടെ ആറുപേരെ പൊലീസ് പിടികൂടി.കോഴിക്കോട് ബാലുശ്ശേരി നന്മണ്ട സ്വദേശിചാലിക്കണ്ടി വീട്ടിൽ ഷിനോ മെർവിൻ (28), കൊല്ലം ഓച്ചിറ പള്ളിമുക്ക് സ്വദേശി സജന ഭവനിൽ റിജു (38), കായംകുളം ഭരണിക്കാവ് പുള്ളി കണക്ക് സ്വദേശി ചെങ്ങലിൽ വീട്ടിൽ അനീഷ് (25), കരുനാഗപ്പള്ളി കടവത്തൂർ സ്വദേശി നസീം നിവാസിൽ എസ്.നജീബ് ( 40), തൊടുപുഴ മുള്ളരിങ്ങാട് സ്വദേശിനി മറിയം ബിജു (20), എന്നിവരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

കാക്കനാടിന് സമീപം മില്ലുംപടിയിലെ ഹോളി ഫെയ്ത്ത് ഫ്ലാറ്റിൽ നിന്നാണ് ഇവരെ പിടികൂടിയത്. ഫ്ലാറ്റിൽ മയക്കുമരുന്ന് വിൽപന നടക്കുന്നതായി ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് ഷാഡോ പൊലീസ് എത്തിയതോടെ രക്ഷപ്പടാൻ ശ്രമിക്കുന്നതിനെടെ വീണ് പരിക്കേറ്റ കായംകുളം പുതുപ്പാടി സ്വദേശി അതുൽ (24) കാക്കനാട്ടെ ആശുപത്രിയിൽ ചികിത്സയിലാണ്.

ഫ്ലാറ്റിലെ താമസക്കാരനായിരുന്ന ഇയാൾ ബാൽക്കണിയിലൂടെ കടക്കാൻ ശ്രമിക്കുന്നതിനിടെ താഴെ വീണു. താഴെയുള്ള കാർ ഷെഡിന് മുകളിൽ വീണ അതുൽ ഷെഡിന്റെ ഷീറ്റ് തുളഞ്ഞ് നിലത്തു വീഴുകയായിരുന്നു. അപകടത്തിൽ ഇയാളുടെ കൈക്ക് ഗുരതരമായ പരിക്കേറ്റിട്ടുണ്ട്.ചികിത്സക്ക് ശേഷം ഇയാളെ അറസ്റ്റ് ചെയ്യാനാണ് പൊലീസിന്റെ തീരുമാനം.

വെള്ളിയാഴ്ച ഉച്ചമുതൽ നടന്ന പരിശോധയിൽ എം.ഡി.എം.എയും ഹഷീഷ് ഓയിലും പിടികൂടിയിട്ടുണ്ട്. പിടിയിലായവരിൽ പലരും ഫ്ലാറ്റിലെ താമസക്കാരായിരുന്നുവെന്ന് പൊലീസ് വ്യക്തമാക്കി.പ്രതികളെ വെള്ളിയാഴ്ച രാത്രി തന്നെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു

## കുട്ടികളുടെ വാക്സിനേഷന് സജ്ജം: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: തിങ്കളാഴ്ച ആരംഭിക്കുന്ന 15 മുതൽ 18 വയസുവരെയുള്ള കുട്ടികളുടെ വാക്സിനേഷന് സംസ്ഥാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വാക്സിനേഷനുള്ള ആക്ഷൻ പ്ലാൻ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള പ്രത്യേക വാക്സിനേഷൻ കേന്ദ്രങ്ങളാണുള്ളത്. കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രങ്ങൾ പെട്ടെന്ന് തിരിച്ചറിയാൻ പിങ്ക് നിറത്തിലുള്ള ബോർഡ് ഉണ്ടാകും. മുതിർന്നവരുടേത് നീല നിറമാണ്. ഈ ബോർഡുകൾ വാക്സിനേഷൻ കേന്ദ്രത്തിന്റെ പ്രവേശന കവാടം, രജിസ്ട്രേഷൻ സ്ഥലം, വാക്സിനേഷൻ സ്ഥലം എന്നിവിടങ്ങളിൽ ഉണ്ടായിരിക്കും. കേന്ദ്രങ്ങൾ മാറിപ്പോകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുക. എല്ലാ വാക്സിനേഷൻ കേന്ദ്രങ്ങളിലും ഡോക്ടറുടെ സേവനമുണ്ടാകും. മറ്റസുഖങ്ങളോ അലർജിയോ ഉണ്ടെങ്കിൽ വാക്സിൻ സ്വീകരിക്കുന്നതിന് മുമ്പ് അറിയിക്കണം. ഒമിക്രോൺ സാഹചര്യത്തിൽ എല്ലാവരും തങ്ങളുടെ കുട്ടികൾക്ക് വാക്സിൻ എടുത്തെന്ന് ഉറപ്പ് വരുത്തണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാനത്ത് 15 മുതൽ 18 വയസുവരെയുള്ള 15.34 ലക്ഷം കുട്ടികൾക്ക് വാക്സിൻ നൽകാനാണ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ പൂർണ സഹകരണം ഉറപ്പ് നൽകിയിട്ടുണ്ട്. രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ് വാക്സിനേഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുക. കഴിവതും കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തതിന് ശേഷം മാത്രം വാക്സിനെടുക്കാൻ വാക്സിനേഷൻ കേന്ദ്രത്തിൽ എത്തുക. അവരവർ രജിസ്റ്റർ ചെയ്ത വിവരങ്ങളാണ് വാക്സിൻ സർട്ടിഫിക്കറ്റിൽ ഉണ്ടാകുക. പിന്നീടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ തെറ്റുകൂടാതെ രജിസ്റ്റർ ചെയ്യേണ്ടതാണ്. വാക്സിനേഷന് ശേഷം കോവിൻ പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത ഫോൺ നമ്പർ ഉപയോഗിച്ച് ആദ്യ ഡോസ് വാക്സിന്റെ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### ■ വാക്സിനേഷൻ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ

കോവിഡ് വന്നിട്ടുള്ള കുട്ടികൾക്ക് 3 മാസം കഴിഞ്ഞ് വാക്സിൻ എടുത്താൽ മതിയാകും.

ഭക്ഷണം കഴിച്ചതിന് ശേഷം വാക്സിനേഷൻ കേന്ദ്രത്തിലെത്തുക. ഒമിക്രോൺ സാഹചര്യത്തിൽ കുടിക്കാനുള്ള വെള്ളം അവരവർ കരുതുന്നതാണ് നല്ലത്. ആധാർ കാർഡോ, ആധാറില്ലെങ്കിൽ സ്കൂൾ ഐഡി കാർഡോ മറക്കാതെ കൊണ്ട് വരേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്ത സമയത്തെ ഫോൺ നമ്പരും കരുതണം. കോവാക്സിൻ നൽകുന്ന കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രമാണെന്ന് ഉറപ്പ് വരുത്തുക. ഒമിക്രോൺ സാഹചര്യത്തിൽ വാക്സിനേഷൻ കേന്ദ്രങ്ങളിൽ കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കണം. കുട്ടികളായതിനാൽ സമയമെടുത്തായിരിക്കും വാക്സിനേഷൻ പ്രക്രിയ പൂർത്തിയാക്കുക. കൂടെ വരുന്ന രക്ഷാകർത്താക്കളും തിരക്ക് കൂട്ടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

രജിസ്ട്രേഷൻ കൗണ്ടറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ മെസേജോ പ്രിന്റൗട്ടോ നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്ത ഫോൺ നമ്പർ നൽകുമ്പോൾ കുട്ടിയുടെ മറ്റ് വിവരങ്ങൾ ലഭ്യമാകും. ആധാറോ, സ്കൂൾ ഐഡിയോ കാണിച്ച് വന്നയാൾ ആ കുട്ടിതന്നെയെന്ന് ഉറപ്പാക്കും. വാക്സിനേഷൻ കേന്ദ്രത്തിൽ സൂപ്പർവൈസറും വാക്സിനേറ്ററും ഉണ്ടാകും. കുട്ടിക്ക് മറ്റ് തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളോ അലർജിയോ ഇല്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം വാക്സിനേഷൻ സ്ഥലത്തേക്ക് വിടുന്നു. ഒരിക്കൽക്കൂടി വാക്സിനേറ്റർ കുട്ടിയോട് വിവരങ്ങൾ ചോദിച്ച ശേഷം വാക്സിൻ നൽകുന്നു. വാക്സിൻ നൽകിയ ശേഷം കുട്ടികളെ അര മണിക്കൂർ നിരീക്ഷിക്കുന്നതാണ്. മറ്റ് ബുദ്ധിമുട്ടലുകളില്ലെന്ന് ഉറപ്പ് വരുത്തി അവരെ വിടുന്നു.

വാക്സിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം കുട്ടികളുടെ വാക്സിനേഷൻ പൂർത്തിയാക്കുകയാണ് ലക്ഷ്യം. 65,000ത്തോളം ഡോസ് കോ വാക്സിൻ സംസ്ഥാനത്ത് ലഭ്യമാണ്. കുട്ടികളുടെ വാക്സിനേഷനായി 5 ലക്ഷത്തോളം ഡോസ് കോവാക്സിൻ എത്തിക്കുമെന്ന് കേന്ദ്രം അറിയിച്ചുവെങ്കിലും ഇന്ന് രാത്രിയോടെ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വാക്സിൻ എത്തുന്നതോട് കൂടി എല്ലാ കേന്ദ്രങ്ങളും പൂർണതോതിൽ പ്രവർത്തിക്കാനാകും. കുട്ടികളുടെ വാക്സിനേഷൻ സുഗമമാക്കുന്നതിന് എല്ലാവരുടേയും പിന്തുണ മന്ത്രി അഭ്യർത്ഥിച്ചു.



## ബൾബ് ഉപയോഗിച്ചുള്ള മീൻപിടിത്തം വ്യാപകം

കാസർഗോഡ്: കടലിൽ വലിയ ബൾബുകൾ സ്ഥാപിച്ചുകൊണ്ടുള്ള അനധികൃത മീൻപിടിത്തം ജില്ലയിൽ പെരുകുന്നു. കർണാടക ഭാഗത്തുനിന്നും വരുന്ന ബോട്ടുകളാണ് ജില്ലയുടെ തീരക്കടലിലെത്തി ഇത്തരത്തിൽ മീൻ വാരിയെടുക്കുന്നത്. രാത്രികാലത്ത് വലിയ ബൾബുകൾ കടലിലേക്ക് ഇറക്കിയോ കടലിന് മുകളിൽ സ്ഥാപിച്ചോ കൃത്രിമ പ്രകാശം സൃഷ്ടിച്ചാണ് മീനുകളെ ആകർഷിക്കുന്നത്. ചെറുതും വലുതുമായ മീനുകൾ കൂട്ടത്തോടെ പ്രകാശമുള്ള ഭാഗത്തേക്ക് വന്നടുക്കും.

ഈ ഭാഗത്ത് വലവിരിച്ച് മീനുകളെ കൂട്ടത്തോടെ വാരിയെടുക്കുകയാണ് ചെയ്യുന്നത്. മിക്കവാറും വെളിച്ചം തെളിക്കുന്നതിനായി ഒരു ബോട്ടും വലവിരിക്കാൻ മറ്റൊരു ബോട്ടും അടങ്ങിയതാകും സംഘം.

നേരം പുലരുന്നതിനു മുമ്പ് ഇവർ മീൻപിടിച്ച് കേരള തീരം കടക്കുകയും ചെയ്യും. ഇത് ജില്ലയുടെ തീരദേശത്തെ മത്സ്യസമ്പത്തിനെ കാര്യമായി ബാധിക്കുന്നതായാണ് തൊഴിലാളികളുടെ പരാതി.

വളർച്ചയെത്താത്ത മത്സ്യങ്ങളെ പോലും പിടിക്കുകയാണ്. പരമ്പരാഗത രീതിയിൽ വലവിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇതുമൂലം കാര്യമായൊന്നും കിട്ടാത്ത അവസ്ഥയാണ്. അതിർത്തി കടന്നെത്തുന്ന ബോട്ടുകളെ തടയാൻ ഫിഷറീസ് വകുപ്പിൻറെ രാത്രികാല പട്രോളിംഗ് കർശനമാക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം. പ്രശ്നം ഫിഷറീസ് വകുപ്പിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും വരുംദിവസങ്ങളിൽ പട്രോളിംഗും പരിശോധനയും കർശനമാക്കുമെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പി.വി.സതീശൻ അറിയിച്ചു.

## ഒരേ നമ്പറിൽ രണ്ടു ടിക്കറ്റുകൾ: അച്ചടിസ്ഥാപനത്തോട് വിശദീകരണം തേടും

കെ ആർ 530 കാരുണ്യ ലോട്ടറിയുടെ ഒരേ നമ്പറിലുള്ള രണ്ടു ടിക്കറ്റുകൾ വിപണിയിലെത്തിയ വിഷയത്തിൽ ടിക്കറ്റ് അച്ചടി നിർവഹിച്ച കെ ബി പി എസിനോട് വിശദീകരണം തേടുമെന്ന് വകുപ്പ് ഡയറക്ടർ എബ്രഹാം റെൻ അറിയിച്ചു. അച്ചടിയിൽ വന്ന പിഴവു മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അത്യപൂർവമായാണ് ഇങ്ങനെ സംഭവിക്കാറുള്ളതെങ്കിലും ഇത് ഗൗരവമായി കാണും.

തികച്ചും വിശ്വസ്തവും സുതാര്യവുമായാണ് അച്ചടി മുതലുള്ള എല്ലാ പ്രവർത്തനങ്ങളും വകുപ്പ് നിർവഹിക്കുന്നത്.

അച്ചടിപ്പിഴവ് മൂലം ഒരേ നമ്പറിൽ ഒന്നിലധികം ടിക്കറ്റുകൾ വിപണിയിലെത്തുകയും ഈ നമ്പറിന് സമ്മാനം ലഭിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ സമ്മാനാർഹർക്ക് വകുപ്പ് സമ്മാനത്തുക നൽകും.

അച്ചടി സ്ഥാപനത്തിൽ നിന്ന് ഈ തുക ഈടാക്കാൻ ഇത് സംബന്ധിച്ച കരാറിൽ വ്യവസ്ഥയുണ്ടെന്നും ലോട്ടറി ഡയറക്ടർ വ്യക്തമാക്കി.

## കിഴക്കമ്പലം അക്രമം: റിമാൻഡിലായവർ ഭൂരിപക്ഷവും ഝാർഖണ്ഡുകാർ

കോലഞ്ചേരി: കിറ്റെക്സ് കമ്പനിയിൽ അന്തർസംസ്ഥാന തൊഴിലാളികൾ നടത്തിയ സംഘർഷവുമായി ബന്ധപ്പെട്ട് റിമാൻഡിലായവരിൽ ഭൂരിഭാഗവും ഝാർഖണ്ഡ് സ്വദേശികൾ. പ്രതിപ്പട്ടികയിൽ 70 പേരാണ് ഝാർഖണ്ഡുകാർ

അസം സ്വദേശികൾ 30 പേരുണ്ട്. ബംഗാൾ സ്വദേശികൾ 30 പേരും, ഒഡിഷക്കാർ 13 പേരുമുണ്ട്. ത്രിപുര.രാജസ്ഥാൻ.ഉത്തർപ്രദേശ്.ഛത്തിസ്ഗഡ് സ്വദേശികളും പ്രതികളായിട്ടുണ്ട്.



പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കുന്നു

# ഹൈക്കോടതിയും ഇനി ഇ ഫയലിങ്ങിൽ

കൊച്ചി: കോടതിമുറികളും ഇ രീതിയിലേക്ക് ചുവട് മാറുന്നു. ഹൈക്കോടതിയിൽ ഇനി നേരിട്ടെത്തി ഹർജികൾ നൽകേണ്ട. എവിടെ നിന്നും ഓൺലൈനായി ഹർജികൾ മാത്രമല്ല അനുബന്ധ രേഖകളും സമർപ്പിക്കാം. അഭിഭാഷകർ ഫയലുമായി എത്തേണ്ട, മുന്നിലുള്ള കംപ്യൂട്ടർ സ്ക്രീനിൽ വിവരങ്ങളുണ്ടാകും. ജഡ്ജിക്കും, എതിർഭാഗം അഭിഭാഷകനും ഇത് കാണാം.

കോവിഡ് കാലത്ത് കേസുകൾ തീർപ്പാക്കുന്നതിൽ കേരളത്തിന്റെ പ്രകടനം മികച്ചതായിരുന്നുവെന്ന് ഇഫയലിംഗ് പദ്ധതി ഉദ്ഘാടനം ചെയ്ത സുപ്രീംകോടതി ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് പറഞ്ഞു. ചീഫ് ജസ്റ്റിസിന്റേതടക്കമുള്ള ആറു കോടതികളാണ് സ്മാർട്ട് കോടതിമുറികളായി മാറ്റിയത്. മറ്റു കോടതിമുറികളും വൈകാതെ സ്മാർട്ടാക്കും. ഇഫയലിംഗിന് ഒപ്പം പേപ്പർരഹിത കോടതി മുറികളും, ഓഫീസുകളും കേരള ഹൈക്കോടതിയിൽ പ്രവർത്തന സജ്ജമായി. അടുത്ത ഘട്ടമായി സംസ്ഥാനത്തെ കീഴ്കോടതികളിലും പദ്ധതി തുടങ്ങും. അഭിമാനകരമായ നേട്ടമാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നതെന്ന് ഇ കോടതി പദ്ധതി ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ ചൂണ്ടിക്കാട്ടി.

ഹൈക്കോടതിയുടെ ആഭ്യന്തര ഐടി സംഘമാണ് പദ്ധതികൾ നടപ്പിലാക്കിയത്.

കോവിഡ് കാലത്ത് ഭാഗികമായി ഇ ഫയലിംഗ് നടപ്പാക്കിയപ്പോൾ എതിർപ്പുകൾ ഉയർന്നിരുന്നെങ്കിലും തീരുമാനവുമായി ഹൈക്കോടതി ഭരണവിഭാഗം മുന്നോട്ട് പോവുകയായിരുന്നു. വാദത്തിന് അഭിഭാഷകർ കേസ് ഫയലുകൾ കരുതേണ്ടതില്ലെന്നതാണ് പ്രകടമായ മാറ്റം. ഹർജിയടക്കം ഫയൽചെയ്ത രേഖകളൊക്കെ കോടതിമുറിയിൽ അഭിഭാഷകന്റെ മുന്നിലുള്ള കംപ്യൂട്ടർ സ്ക്രീനിൽ തെളിയും.

ജഡ്ജിയുടെ മുന്നിലും എതിർകക്ഷിയുടെ അഭിഭാഷകന്റെ മുന്നിലുമുള്ള കംപ്യൂട്ടർ സ്ക്രീനിലും ഇത് ലഭ്യമാകും. അഭിഭാഷകർക്ക് ഓൺലൈൻവഴി ഹാജരാകാനുള്ള സൗകര്യവും ഉണ്ട്. കേസുകൾ ഫയൽ ചെയ്യുന്നതും പരിശോധനകൾ പൂർത്തിയാക്കുന്നതും ഇമോഡ് വഴിയായിരിക്കും. ജഡ്ജിമാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും ഇ മോഡിലൂടെയാകും. ഉത്തരവുകൾ ജീവനക്കാർ എഴുതിയെടുക്കുന്നതിനുപകരമായി കംപ്യൂട്ടർ സ്വയം എഴുതും. കീഴ്ക്കോടതികളിലും ഇതോടൊപ്പം ഇഫയലിങ് ആരംഭിക്കും.

ജാമ്യഹർജികൾ 2020 ജൂൺ 15 മുതൽ ഇഫയലിങ് വഴിയാക്കിയിരുന്നു. ഡിജിറ്റൽ ഒപ്പോടെയുള്ള ജാമ്യ ഉത്തരവുകൾ 2020 ഒക്ടോബർ 27 മുതലും ലഭ്യമാക്കി. കഴിഞ്ഞ മേയ് 17 മുതൽ എല്ലാ ഹർജികളും ഇഫയൽ ചെയ്യാൻ സൗകര്യമൊരുക്കി. ഇഫയലിങ് ആപ്ലിക്കേഷനും ഹൈക്കോടതിയിലെ ഐടി സംഘമാണ് വികസിപ്പിച്ചത്.

ഹൈക്കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റിലാണ് ഓൺലൈനായി കേസ് ഫയൽചെയ്യാൻ സൗകര്യം. കോടതി പരിഗണിക്കുന്ന കേസുകളെക്കുറിച്ചുള്ള വിവരങ്ങളും ഇതിലൂടെ അറിയാം.

# രണ്ട് പ്രധാന വികസന സംരംഭങ്ങളും 22 വികസന പദ്ധതികളുടെ ഉദ്ഘാടനവും



പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2022 ജനുവരി 4 ന് മണിപ്പൂർ, ത്രിപുര സംസ്ഥാനങ്ങൾ സന്ദർശിക്കും. രാവിലെ 11 മണിക്ക് , പ്രധാനമന്ത്രി 4800 കോടിയിലധികം രൂപയുടെ 22 വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും ഇംഫാലിൽ നിർവ്വഹിക്കും. അതിനുശേഷം, ഉച്ചയ്ക്ക് 2 മണിക്ക്, അഗർത്തലയിൽ, മഹാരാജ ബിർ ബിക്രം വിമാനത്താവളത്തിലെ പുതിയ സംയോജിത ടെർമിനൽ കെട്ടിടം അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൂടാതെ രണ്ട് പ്രധാന വികസന സംരംഭങ്ങളും ആരംഭിക്കും.

പ്രധാനമന്ത്രി മണിപ്പൂരിൽ ഏകദേശം 1850 കോടി രൂപയുടെ 13 പദ്ധതികളുടെ ഉദ്ഘാടനവും കോടിയുടെ 2950 കോടി രൂപയ്ക്കുള്ള 9 പദ്ധതികളുടെ തറക്കല്ലിടലും നിർവ്വഹിക്കും . റോഡ് അടിസ്ഥാനസ്വകാര്യം , കുടിവെള്ള വിതരണം, ആരോഗ്യം, നഗരവികസനം, പാർപ്പിടം, വിവരസാങ്കേതികവിദ്യ, നൈപുണ്യ വികസനം, കല, സംസ്കാരം തുടങ്ങിയ വിവിധ മേഖലകളുമായി ഈ പദ്ധതികൾ ബന്ധപ്പെട്ടിരിക്കുന്നു.

കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനുള്ള രാജ്യവ്യാപക പദ്ധതികൾക്ക് അനുസൃതമായി, 1700 കോടിയിലധികം രൂപ ചെലവിൽ നിർമ്മിക്കുന്ന അഞ്ച് ദേശീയ പാത പദ്ധതികളുടെ നിർമ്മാണത്തിന് പ്രധാനമന്ത്രി തറക്കല്ലിടും. 110 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ഈ ഹൈവേകളുടെ നിർമ്മാണം ഈ മേഖലയുടെ റോഡ് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പ്പായിരിക്കും. ഇംഫാലിൽ നിന്ന് സിൽച്ചാറിലേക്കുള്ള തടസ്സമില്ലാത്ത കണക്റ്റിവിറ്റി വർദ്ധിപ്പിക്കുകയും ഗതാഗതക്കുരുക്ക് കുറയ്ക്കുകയും ചെയ്യുന്ന മറ്റൊരു പ്രധാന അടിസ്ഥാന സൗകര്യം, 75 കോടിയിലധികം രൂപ ചെലവിൽ നിർമ്മിച്ച ദേശീയ പാത 37 ൽ ബരാക് നദിക്ക് മുകളിൽ നിർമ്മിച്ച സ്റ്റീൽ പാലത്തിന്റെ നിർമ്മാണമാണ്. ഈ സ്റ്റീൽ പാലം പരിപാടിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

1100 കോടി രൂപ ചെലവിൽ നിർമിച്ച 2,387 മൊബൈൽ ടവറുകൾ പ്രധാനമന്ത്രി മണിപ്പൂരിലെ ജനങ്ങൾക്ക് സമർപ്പിക്കും. സംസ്ഥാനത്തിന്റെ മൊബൈൽ കണക്റ്റിവിറ്റി കൂടുതൽ വർധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പായിരിക്കും ഇത്.

സംസ്ഥാനത്തെ കുടിവെള്ള വിതരണ പദ്ധതികളുടെ ഉദ്ഘാടനത്തോടെ എല്ലാ വീട്ടിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പ്രധാനമന്ത്രിയുടെ ശ്രമത്തിന് ഊർജം ലഭിക്കും. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പദ്ധതികളിൽ ഇംഫാൽ നഗരത്തിന് കുടിവെള്ളം നൽകുന്ന 280 കോടി രൂപയുടെ 'തൗബൽ പദ്ധതിയുടെ ജലവിതരണ പദ്ധതി ', തമെംഗ്ലോങ് ജില്ലയിലെ പത്ത് ആവാസ വ്യവസ്ഥകളിൽ താമസിക്കുന്നവർക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 65 കോടി രൂപ ചെലവിൽ നിർമ്മിച്ച തമെങ്‌ലോംഗ് ആസ്ഥാനത്തിനായി ജല സംരക്ഷണത്തിന്റെ ജലവിതരണ പദ്ധതി പദ്ധതി; കൂടാതെ പ്രദേശവാസികൾക്ക് സ്ഥിരമായി ജലവിതരണം നടത്താൻ 51 കോടി രൂപ ചെലവിൽ നിർമിച്ച 'സേനാപതി ജില്ലാ ആസ്ഥാന ജലവിതരണ പദ്ധതിയുടെ വിപുലീകരണം ' എന്നിവയും ഉൾപ്പെടുന്നു.

സംസ്ഥാനത്തെ ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുള്ള ശ്രമത്തിൽ, ഏകദേശം 100 കോടി രൂപ വിലമതിക്കുന്ന അത്യാധുനിക ക്യാൻസർ ഹോസ്പിറ്റലി'ന്റെ ശിലാസ്ഥാപനം പ്രധാനമന്ത്രി ഇംഫാലിൽ നിർവഹിക്കും. പിപിപി അടിസ്ഥാനത്തിൽ 160 കോടി. ക്യാൻസറുമായി ബന്ധപ്പെട്ട രോഗനിർണ്ണയചികിത്സാ സേവനങ്ങൾക്കായി സംസ്ഥാനത്തിന് പുറത്ത് പോകേണ്ടി വരുന്ന, പോക്കറ്റ് ചെലവ് കുറയ്ക്കുന്നതിന് ഈ കാൻസർ ആശുപത്രി സംസ്ഥാനത്തെ ജനങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്യും. കൂടാതെ, സംസ്ഥാനത്ത് കൊവിഡുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി, ഡിആർഡിഒയുമായി സഹകരിച്ച് , ഏകദേശം 37 കോടി രൂപ ചെലവിൽ കിയാംഗെയിൽ സ്ഥാപിച്ച 200 കിടക്കകളുള്ള കോവിഡ് ആശുപത്രി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

ഇന്ത്യൻ നഗരങ്ങളുടെ പുനരുജ്ജീവനത്തിനും പരിവർത്തനത്തിനുമുള്ള പ്രധാനമന്ത്രിയുടെ അശ്രാന്ത പരിശ്രമത്തിന്റെ സാക്ഷാത്കാരത്തിലേക്കുള്ള ഒരു ചുവടുവെയ്പ്പ്, 'ഇംഫാൽ സ്മാർട്ട് സിറ്റി മിഷൻ' ന് കീഴിൽ ഒന്നിലധികം പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ (ഐ സി സി സി)', 'ഇംഫാൽ നദിയിലെ വെസ്റ്റേൺ റിവർ ഫ്രണ്ട് വികസനം', തുടങ്ങി 170 കോടിയിലധികം രൂപ ചെലവിൽ വികസിപ്പിച്ച ദൗത്യത്തിന്റെ മൂന്ന് പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തങ്ങൾ ബസാറിലെ മാൾ റോഡ് (ഫേസ് ക)'. ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ, നഗരത്തിലെ ട്രാഫിക് മാനേജ്മെന്റ്, ഖരമാലിന്യ സംസ്കരണം, നഗര നിരീക്ഷണം എന്നിവയുൾപ്പെടെ വിവിധ സാങ്കേതിക അധിഷ്ഠിത സേവനങ്ങൾ നൽകും. ദൗത്യത്തിന് കീഴിലുള്ള മറ്റ് വികസന പദ്ധതികൾ വിനോദസഞ്ചാരത്തെയും പ്രാദേശിക സമ്പദ്വ്യവസ്ഥയെയും ഉത്തേജിപ്പിക്കുകയും തൊഴിലവസരങ്ങൾ നൽകുകയും ചെയ്യും.

ഏകദേശം 200 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് നിർമിക്കുന്ന 'സെന്റർ ഫോർ ഇൻവെൻഷൻ, ഇന്നൊവേഷൻ, ഇൻകുബേഷൻ ആൻഡ് ട്രെയിനിങ് (സിഐഐഐടി)'ന്റെ തറക്കല്ലിടൽ പ്രധാനമന്ത്രി നിർവഹിക്കും. ഈ പദ്ധതി സംസ്ഥാനത്തെ ഏറ്റവും വലിയ പിപിപി സംരംഭമാണ്, കൂടാതെ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം ഇൻഫർമേഷൻ ടെക്നോളജി മേഖലയ്ക്ക് ഉത്തേജനം നൽകും.

ഹരിയാനയിലെ ഗുഡ്ഗാവിൽ മണിപ്പൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെർഫോമിംഗ് ആർട്സിന്റെ നിർമ്മാണത്തിനുള്ള തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. ഹരിയാനയിലെ മണിപ്പൂരിൽ ഇത്തരമൊരു സാംസ്കാരിക സ്ഥാപനം എന്ന ആശയം 1990 ൽ ആദ്യമായി ഉയർന്നുവെങ്കിലും കഴിഞ്ഞ കുറേ വർഷങ്ങളായി അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല. സംസ്ഥാനത്തിന്റെ സമ്പന്നമായ കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനം 240 കോടിയിലധികം രൂപ ചെലവിലാണ് നിർമ്മിക്കുന്നത്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട്, ഇംഫാലിൽ നവീകരിച്ചതും നവീകരിച്ചതുമായ ഗോവിന്ദജീ ക്ഷേത്രം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഇന്ത്യൻ നാഷണൽ ആർമി വഹിച്ച സുപ്രധാന പങ്കിനെ പ്രദർശിപ്പിക്കുന്ന ഐഎൻഎ സമുച്ചയവും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

'സബ്കാസാത്സബ്കാ വികാസ്സബ്കാ വിശ്വാസ്' എന്ന മന്ത്രത്തിന് അനുസൃതമായി, പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമത്തിന് കീഴിൽ 130 കോടിയിലധികം വരുന്ന 72 പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടും. ന്യൂനപക്ഷ സമുദായങ്ങളുടെ സമഗ്രവികസനത്തിന് ആരോഗ്യവിദ്യാഭ്യാസ മേഖലകളിലെ അടിസ്ഥാന സൗകര്യവികസനത്തിന് ഈ പദ്ധതികൾ സഹായകമാകും.

സംസ്ഥാനത്തെ കൈത്തറി വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിനായി 100 കോടി രൂപയുടെ രണ്ട് പദ്ധതികളുടെ തറക്കല്ലിടൽ പ്രധാനമന്ത്രി നിർവഹിക്കും. 36 കോടി രൂപ, ഇംഫാൽ ഈസ്റ്റ് ജില്ലയിലെ നോങ്പോക്ക് കച്ചിംഗിലെ 'മെഗാ ഹാൻഡ്‌ലൂം ക്ലസ്റ്റർ', ഇംഫാൽ ഈസ്റ്റ് ഡിസ്ട്രിക്റ്റിലെ 17,000 നെയ്ത്തുകാർക്കും മൊയ്‌റാംഗിലെ 'ക്രാഫ്റ്റ് ആൻഡ് ഹാൻഡ്‌ലൂം വില്ലേജിനും' പ്രയോജനം ചെയ്യും, ഇത് നെയ്ത്തുകാരെ സഹായിക്കുകയും മൊയ്‌റാംഗിന്റെയും ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും. ലോക്തക് തടാകത്തോട് ചേർന്ന് പ്രദേശവാസികൾക്ക് തൊഴിൽ സൃഷ്ടിക്കുന്നു.

390 കോടി രൂപ ചെലവിൽ നിർമിക്കുന്ന പുതിയ ചെക്കോണിൽ ഗവണ്മെന്റ് റെസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെ നിർമാണത്തിനും പ്രധാനമന്ത്രി തറക്കല്ലിടും. ആധുനിക സൗകര്യങ്ങളോടുകൂടിയ സംയോജിത ഹൗസിങ് കോളനിയാണിത്. ഇംഫാൽ ഈസ്റ്റിലെ ഇബുദൗ മാർജിംഗിൽ റോപേ പദ്ധതിയുടെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും.

പുതിയ വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഐടിഐ), കാങ്പോക്പി എൻഹാൻസിങ് സ്കിൽ ഡെവലപ്മെന്റ് ഇൻഫ്രാസ്ട്രക്ചർ (ഇഎസ്ഡിഐ), ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിന്റെ പുതിയ ഓഫീസ് കെട്ടിടം എന്നിവയാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന മറ്റ് പദ്ധതികൾ.

പ്രധാനമന്ത്രി ത്രിപുരയിൽ

സംസ്ഥാന സന്ദർശന വേളയിൽ, മഹാരാജ ബിർ ബിക്രം (എംബിബി) വിമാനത്താവളത്തിന്റെ പുതിയ ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും: മുഖ്യ മന്ത്രി ത്രിപുര ഗ്രാമ സമൃദ്ധി യോജന, വിദ്യാജ്യോതി സ്കൂളുകളുടെ മിഷൻ 100 പദ്ധതി എന്നിവയും ഉൾപ്പെടും.

ഏകദേശം 450 കോടി രൂപ ചെലവിൽ നിർമ്മിച്ച, മഹാരാജ ബിർ ബിക്രം വിമാനത്താവളത്തിന്റെ പുതിയ ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, 30,000 ചതുരശ്ര മീറ്ററിൽ അത്യാധുനിക സൗകര്യങ്ങളുള്ളതും അത്യാധുനിക ഐടി നെറ്റ്‌വർക്ക് സംയോജിത സംവിധാനത്തിന്റെ പിന്തുണയുള്ളതുമായ അത്യാധുനിക കെട്ടിടമാണ്. രാജ്യത്തെ എല്ലാ വിമാനത്താവളങ്ങളിലും ആധുനിക സൗകര്യങ്ങൾ ഒരുക്കാനുള്ള പ്രധാനമന്ത്രിയുടെ ശ്രമത്തിന് അനുസൃതമായാണ് പുതിയ ടെർമിനൽ കെട്ടിടത്തിന്റെ വികസനം.

നിലവിലുള്ള 100 ഹൈ/ഹയർസെക്കൻഡറി സ്കൂളുകളെ അത്യാധുനിക സൗകര്യങ്ങളോടും ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തോടും കൂടി വിദ്യാജ്യോതി സ്കൂളുകളാക്കി മാറ്റുന്നതിലൂടെ സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയാണ് വിദ്യാജ്യോതി സ്കൂളുകളുടെ പദ്ധതി മിഷൻ 100 ലക്ഷ്യമിടുന്നത്. നഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 1.2 ലക്ഷം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന പദ്ധതിക്ക് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഏകദേശം 500 കോടി രൂപ ചിലവാകും.

മുഖ്യ മന്ത്രി ത്രിപുര ഗ്രാമ സമൃദ്ധി യോജന ഗ്രാമതലത്തിൽ പ്രധാന വികസന മേഖലകളിലെ സേവന വിതരണത്തിനുള്ള മാനദണ്ഡങ്ങൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു. ഗാർഹിക ടാപ്പ് കണക്ഷനുകൾ, ഗാർഹിക വൈദ്യുതി കണക്ഷനുകൾ, എല്ലാ കാലാവസ്ഥാ റോഡുകൾ, എല്ലാ വീടുകളിലും പ്രവർത്തനക്ഷമമായ ടോയ്‌ലറ്റുകൾ, ഓരോ കുട്ടിക്കും ശുപാർശ ചെയ്യുന്ന പ്രതിരോധ കുത്തിവയ്പ്പുകൾ, സ്വയം സഹായ സംഘങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം തുടങ്ങിയവയാണ് ഈ യോജനയ്ക്കായി തിരഞ്ഞെടുത്ത പ്രധാന മേഖലകൾ. വ്യത്യസ്ത മേഖലകളിലെ സേവന വിതരണത്തിനുള്ള മാനദണ്ഡങ്ങൾ, താഴെത്തട്ടിൽ സേവന വിതരണം മെച്ചപ്പെടുത്തുന്നതിന് ഗ്രാമങ്ങൾക്കിടയിൽ ആരോഗ്യകരമായ മത്സരബോധം ഉളവാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# ചൈനീസ് അതിർത്തികളിൽ കൂടുതൽ സൈനിക വിന്യാസം

ന്യൂഡൽഹി: അതിർത്തിയിൽ ചൈനയുടെ പ്രകോപനം തുടരുന്ന പശ്ചാത്തലത്തിൽ അതിർത്തിയിലേക്ക് ഇന്ത്യൻ സൈന്യത്തിന്റെ കൂടുതൽ വിന്യാസം. ലഡാക്ക്, അരുണാചൽ പ്രദേശ് അതിർത്തികളിലാണ് അടിയന്തിരമായി സൈനിക സാന്നിധ്യം വർധിപ്പിച്ചത്.

ഇന്ത്യൻ അതിർത്തികൾക്ക് സമീപം ചൈന തങ്ങളുടെ സൈനികർക്ക് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിന്റെ പശ്ചാത്തലത്തിലാണ് നീക്കമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ചൈനീസ് ആർമിയുടെ പിന്മാറ്റം ഇനിയും നടക്കാത്ത മേഖലകളിലെ സേനയുടെ അളവും വർധിപ്പിച്ചു.

വടക്കൻ അതിർത്തികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വികസനം സമഗ്രവുമായ രീതിയിൽ നടക്കുന്നുണ്ടെന്നും പ്രതിരോധ മന്ത്രാലയം അറിയിച്ചു. റോഡുകൾ, എല്ലാ കാലാവസ്ഥയിലും ബന്ധിപ്പിക്കുന്നതിനുള്ള തുരങ്കങ്ങൾ, നാല് തന്ത്രപ്രധാനമായ റെയിൽവേ ലൈനുകൾ, ബ്രഹ്മപുത്രയ്ക്ക് കുറുകെയുള്ള അധിക പാലങ്ങൾ നവീകരണം. നിർണായകമായ ഇന്ത്യ ചൈന അതിർത്തി റോഡുകളിലെ പാലങ്ങളുടെ നവീകരണം, ഇന്ധനം, ആയുധങ്ങൾ എല്ലാം സംഭരിച്ചിട്ടുണ്ടെന്ന് പ്രതിരോധ മന്ത്രാലയം വ്യക്തമാക്കുന്നു.

കഴിഞ്ഞ ദിവസം അരുണാചൽ പ്രദേശിന്റെ 15 സ്ഥലങ്ങളുടെ പേര് പുനർനാമകരണം ചെയ്യുന്നുവെന്ന് ചൈന ഉത്തരവിറക്കിയിരുന്നു. ചൈനീസ് പേരുകൾ ഈ മേഖലകൾക്ക് നൽകുന്ന രീതിയിലായിരുന്നു നടപടി.

കഴിഞ്ഞ വർഷവും ഇത്തരത്തിൽ ഏഴോളം പ്രദേശങ്ങളെ പുനർനാമകരണം ചെയ്യാൻ ചൈന ശ്രമിച്ചിരുന്നു. അന്നും ശക്തമായ പ്രതിഷേധമാണ് ഇന്ത്യ ഉയർത്തിയത്. ഇതിനിടെ പ്രവാസി ടിബറ്റൻ സർക്കാർ സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര മന്ത്രിമാരും എംപിമാരും പങ്കെടുത്തതിൽ എതിർപ്പുമായി ചൈന രംഗത്തെത്തിയിരുന്നു.

# ക്രിസ്മസ് സ്പെഷ്യൽ മണ്ണെണ്ണ മാർച്ച് 31 വരെ

ക്രിസ്മസ് പ്രമാണിച്ചു സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾക്ക് അധികമായി അനുവദിച്ച അര ലിറ്റർ മണ്ണെണ്ണ വിതരണം മാർച്ച് 31 വരെ ലഭിക്കുമെന്നു ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇലക്ട്രിക്കൽ കണക്ഷൻ ഇല്ലാത്ത കാർഡ് ഉടമകൾക്ക് പതിവു വിഹിതമായ എട്ടു ലിറ്ററും ക്രിസ്മസ് സ്പെഷ്യൽ അര ലിറ്ററും ചേർത്ത് എട്ടര ലിറ്റർ മണ്ണെണ്ണ ലഭിക്കും. എ.വൈ.പി.എച്ച്.എച്ച് കാർഡുകൾക്ക് പതിവു വിഹിതമായ ഒരു ലിറ്ററും ക്രിസ്മസ് സ്പെഷ്യൽ അര ലിറ്ററും ചേർത്ത് ഒന്നര ലിറ്റർ ലഭിക്കും. എൻ. പി. എൻ. എ സ്. എൻ.പി.എസ്. കാർഡ് ഉടമകൾക്ക് പതിവു വിഹിതമായ അര ലിറ്ററും ക്രിസ്മസ് സ്പെഷ്യൽ അര ലിറ്ററും ചേർത്ത് ഒരു ലിറ്റർ മണ്ണെണ്ണയും ലഭിക്കും. മത്സ്യബന്ധന യാനങ്ങൾക്കുള്ള ഡിസംബർ മാസത്തെ വിഹിതം 100 ശതമാനവും നൽകിക്കഴിഞ്ഞതായി മന്ത്രി പറഞ്ഞു. ജനുവരി വിഹിതം 50 ശതമാനം ഉടൻ നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണെണ്ണ പെർമിറ്റുമായി ബന്ധപ്പെട്ട് ജനുവരി 16നു സംയുക്ത പരിശോധന നടത്തുമെന്നും മന്ത്രി അറിയിച്ചു.

# പൊതുവിഭാഗം റേഷൻ കാർഡ ഉടമകൾക്ക് പുതുവർഷത്തിൽ 10 കിലോ അരി

സംസ്ഥാനത്ത് വെള്ള റേഷൻ കാർഡ് ഉൾപ്പെടുന്ന പൊതുവിഭാഗത്തിൽ ഈ മാസം 10 കിലോ അരി ലഭ്യമാക്കുമെന്നു ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ. ഈ മാസം മുതൽ പച്ചരിയും പുഴുക്കലരിയും 50:50 അനുപാതത്തിൽ എല്ലാ സ്റ്റോക്കിലും ലഭ്യമാക്കാൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായുള്ള ചർച്ചയിൽ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പൊതു വിഭാഗത്തിന് ഈ മാസം നൽകുന്ന 10 കിലോ അരിയിൽ ഏഴു കിലോ 10.90 രൂപ നിരക്കിലും മൂന്നു കിലോ 15 രൂപയ്ക്കുമാകും നൽകുക. നീല കാർഡ് ഉടമകൾക്ക് ഈ മാസം മൂന്നു കിലോ അരി 15 രൂപ നിരക്കിൽ അധികമായി നൽകും. അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് അഞ്ചു കിലോ അരിയും ലഭ്യമാക്കും. ഇതിൽ രണ്ടു കിലോ 10.90 രൂപ നിരക്കിലും മൂന്നു കിലോ 15 രൂപയ്ക്കുമാകും നൽകുക. പൊതു വിപണിയിൽ 30 രൂപയ്ക്കു മുകളിൽ വിലയുള്ള അരിയാണ് ഈ രീതിയിൽ വിവിധ വിഭാഗങ്ങളിലായി വിതരണം ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു.

പച്ചരിയും പുഴുക്കലരിയും 50:50 അനുപാതത്തിൽ ലഭ്യമാക്കുന്നതോടെ പൊതു കമ്പോളത്തിലെ അരിയുടെ വില നിയന്ത്രിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നു മന്ത്രി പറഞ്ഞു. പ്രഭാത ഭക്ഷണത്തിന് കേരളത്തിലെ ഭൂരിപക്ഷം പേരും പച്ചരി ഉപയോഗിച്ചുള്ള വിഭവങ്ങളെയാണ് ഉപയോഗിക്കുന്നത് എന്നതിനാൽ ഈ തീരുമാനം കുടുംബങ്ങൾക്കും വലിയ ആശ്വാസം നൽകും. നിലവിൽ എഫ്.സി.ഐയിൽനിന്നു പൊതുവിതരണത്തിനു ലഭ്യമാക്കുന്ന സോണാ മസൂരി അരി ഇനത്തിനു പകരം സംസ്ഥാനത്തു കൂടുതലായി ഉപയോഗിക്കുന്ന ആന്ധ്ര ജയ, സുരേഖ, ബോണ്ടാലു തുടങ്ങിയ ഇനങ്ങളിലെ അരിയുടെ സ്റ്റോക്ക് എല്ലാ വിഭാഗത്തിനും ലഭ്യമാക്കാൻ എഫ്.സി.ഐയുമായി ധാരണയായിട്ടുണ്ട്. എഫ്.സി.ഐയിൽനിന്നു വിഹിതം വിട്ടെടുക്കുന്നതിനു മുൻപു കൂടുതൽ പരിശോധനയും കൃത്യതയും ഉറപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ ഓഫിസുകൾ ഫെബ്രുവരി 15 മുതൽ ഇഓഫിസിലേക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പിനു കീഴിലുള്ള എല്ലാ ഓഫിസുകളും ഫെബ്രുവരി 15 മുതൽ പൂർണമായും ഇഓഫിസ് സംവിധാനത്തിലേക്കു മാറുമെന്നു മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. 101 ഓഫിസുകളാണ് വകുപ്പിനു കീഴിൽ സംസ്ഥാനത്തുള്ളത്. ഇഓഫിസിലേക്കു മാറുന്നതോടെ എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ പൂർണമായി നടപ്പാക്കുന്ന സംസ്ഥാനത്തെ ആദ്യ വകുപ്പായി പൊതുവിതരണ വകുപ്പ് മാറുമെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. റേഷൻ വിതരണം, ഭക്ഷ്യധാന്യങ്ങളുടെ അലോക്കേഷൻ, സപ്ലൈ ചെയിൻ മാനേജ്മെന്റ്, റേഷൻ കാർഡ് അപേക്ഷ സ്വീകരണം, വിതരണം തുടങ്ങിയവ നിലവിൽ ഓൺലൈനായാണു നടക്കുന്നത്. ഇതു സംബന്ധിച്ച വിവരങ്ങൾ ട്രാൻസ്പെരൻസി പോർട്ടൽ വഴി പൊതുജനങ്ങൾക്കു പരിശോധിക്കാം. ഇതിനു പുറമേയാണ് എല്ലാ ഓഫിസുകളിലും ഇഓഫിസ് സംവിധാനം നടപ്പാക്കുന്നത്. ഇഓഫിസ് സംവിധാനത്തിലൂടെ സി.ആർ.ഒ, ടി.എസ്.ഒ, ഡി.എസ്.ഒ, ഡിവൈ.സി.ആർ. എന്നിവർക്ക് കമ്മിഷണർ, ഡയറക്ടർ തുടങ്ങിയവർക്കു നേരിട്ടു ഫയലുകൾ അയക്കാനും വേഗത്തിൽ തീരുമാനമെടുക്കാനും കഴിയും. തപാലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കാലതാമസം കുറയ്ക്കാനാകും. ഓരോ ഫയലിന്റെയും നിലവിലെ സ്ഥിതി മനസിലാക്കാം. പേപ്പർ രഹിതമായി ഫയലുകൾ കൈകാര്യം ചെയ്യുന്നതുവഴി പേപ്പറിന്റെ അമിത ഉപയോഗം കുറയ്ക്കാനാകും. വിർചൽ പ്രൈവറ്റ് നെറ്റ്‌വർക്ക് മുഖേന എവിടെ ഇരുന്നും ഫയലുകൾ കൈകാര്യം ചെയ്യാൻ കഴിയുമെന്നതും ഇഓഫിസ് സംവിധാനത്തിന്റെ ഗുണമാണെന്നു മന്ത്രി ചൂണ്ടിക്കാട്ടി.

# സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കണം: മാർപാപ്പ

റോം: സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വച്ച് നൽകിയ പുതുവർഷ സന്ദേശത്തിലാണ് മാർപാപ്പയുടെ ആഹ്വാനം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ദൈവത്തെ അപമാനിക്കുന്നതിന് തുല്യമാണ്. മാതൃത്വത്തിന്റെയും സ്ത്രീകളുടെയും മഹത്വത്തെ ഉൾക്കൊണ്ടാണ് മാർപാപ്പ പുതുവത്സര പ്രസംഗം നടത്തിയത്. അമ്മമാർ മക്കൾക്കു വേണ്ടി ജീവൻ നൽകുകയും സ്ത്രീകൾ ലോകത്തെ സൂക്ഷിക്കുകയും ചെയ്യുന്നവരാണ്, അമ്മമാരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീകളെ സംരക്ഷിക്കുന്നതിനും നമുക്ക് പരിശ്രമിക്കാം, ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. ഗാർഹിക പീഡനത്തിനെതിരെ ഫ്രാൻസിസ് മാർപാപ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ലോക സമാധാനം ആഗ്രഹിച്ച് മാർപാപ്പ കഴിഞ്ഞ മാസം നടത്തിയ പ്രസംഗം ഏറെ പ്രസക്തമാണ്. രാഷ്ട്രങ്ങൾ ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം വിദ്യാഭ്യാസത്തിനായി നിക്ഷേപിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.

# കെ.എ.ടി ഫിസിക്കൽ ഹിയറിങ് മൂന്നിന് പുനരാരംഭിക്കും

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ താത്ക്കാലികമായി ഏർപ്പെടുത്തിയിരുന്ന ഓൺലൈൻ ഹിയറിംഗ് രീതി പിൻവലിച്ച് ജനുവരി മൂന്നു മുതൽ നേരിട്ട് കേസുകൾ കേൾക്കുന്ന രീതി (ഫിസിക്കൽ ഹിയറിംഗ്) പുനഃസ്ഥാപിക്കും.



പ്ലാസ്റ്റിക്ക് ബദൽ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപനയും സമാപന സമ്മേളനം ഉദ്ഘാടനം മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ പുത്തരിക്കണ്ടം മൈതാനം

# സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാൽ ജനങ്ങളിലെത്തിക്കാൻ കൂട്ടായ പരിശ്രമം വേണം: മന്ത്രി ജെ ചിഞ്ചുറാണി

തിരുവനന്തപുരം: അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വില്പന നിരുത്സാഹപ്പെടുത്തി ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പാൽ ജനങ്ങളിൽ എത്തിക്കാൻ കൂട്ടായ പരിശ്രമം വേണമെന്ന് മൃഗസംരക്ഷണ മന്ത്രി ജെ ചിഞ്ചുറാണി. തിരുവനന്തപുരം യൂണിയൻ ഓണക്കാലത്ത് ആവിഷ്കരിച്ച 'മിൽമ ഐശ്വര്യോത്സവം പദ്ധതിയുടെ സമ്മാനവിതരണം നിർവഹിക്കുകയായിരുന്നു മന്ത്രി. തിരുവനന്തപുരം, മലബാർ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകളുടെ മികവാർന്ന പദ്ധതികളിലൂടേയും പ്രോത്സാഹന പരിപാടികളിലൂടേയും മിൽമയെ റെക്കോർഡ് വില്പനയിലെത്തിക്കാനാകും. മിൽമയ്ക്ക് നാല്പതോളം ഉല്പന്നങ്ങൾ നിലവിലുണ്ട്. ഉല്പന്നങ്ങൾ വിദേശത്ത് കയറ്റി അയക്കുന്ന സാഹചര്യവുമുണ്ട്. കാലിത്തീറ്റയ്ക്ക് അനുവദിച്ച ഇളവ് പുതുവത്സര സമ്മാനമായി ഈ മാസം 31 വരെ നീട്ടി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ പ്രതിദിനം ശരാശരി 65,000 ലിറ്റർ പാൽ അധികമായി ഉല്പാദിപ്പിക്കുന്നുണ്ട്. മിൽമ മലപ്പുറത്ത് നിർമ്മിക്കുന്ന പാൽപ്പൊടി നിർമ്മാണ ഫാക്ടറി എട്ടുമാസത്തിനകം പൂർത്തിയാകും. മിൽമയുടെ ലാഭത്തിന്റെ എൺപതുശതമാനം തുകയും സഹകരണ ക്ഷീരസംഘങ്ങൾക്കാണ് ചെലവിടുന്നത്. ഇനിയും ബൂത്തുകൾ ആരംഭിച്ച് മിൽമയുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ ഏജന്റുമാർക്ക് കഴിയുമെന്നും മന്ത്രി പറഞ്ഞു.തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ എൻ ഭാസുരാംഗൻ അധ്യക്ഷനായി. പാൽ വിലയിൽ വ്യത്യാസം വരുമ്പോൾ കമ്മിഷൻ വർധിപ്പിക്കുന്ന കാര്യത്തിലും പരിഗണനയുണ്ടാകും. 1,200 കോടി രൂപയുടെ വരുമാനമാണ് ഈ വർഷം തിരുവനന്തപുരം മേഖലാ യൂണിയൻ ലക്ഷ്യമിടുന്നത്. ഐശ്വര്യോത്സവത്തിന് ഒരു കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ മാനേജിങ് ഡയറക്ടർ ഡി എസ് കോണ്ട, ക്ഷീരോല്പാദക യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം കെ ആർ മോഹനൻ പിള്ള, അസിസ്റ്റന്റ് മാനേജർ ജയ രാഘവൻ(മാർക്കറ്റിങ്) തുടങ്ങിയവർ പങ്കെടുത്തു.

കേരളത്തിലെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണമായും സംഭരിക്കുന്നതിനോടൊപ്പം കാലോചിതമായ ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെ ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്തി മിൽമയുടെ വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നിരവധി പദ്ധതികൾ തിരുവനന്തപുരം യൂണിയൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മിൽമയോടൊപ്പം എന്നും നിലകൊള്ളുകയും മിൽമ പാൽ ഉപഭോക്താക്കൾക്ക് എത്തിച്ച് ജനപ്രിയ ബ്രാൻഡാക്കി മാറ്റിയതിൽ പ്രധാന പങ്ക് വഹിച്ച അംഗീകൃത ഏജൻസികൾക്കായി മിൽമ തിരുവനന്തപുരം യൂണിയൻ ആവിഷ്കരിച്ച പദ്ധതിയാണ് 'മിൽമ ഐശ്വര്യോത്സവം'.

പദ്ധതിയുടെ ഭാഗമായി ഓരോ യൂണിറ്റിലും 2021 ഓഗസ്റ്റ് മാസത്തിൽ പാൽ വില്പനയിൽ വർധനവ് നേടിയ ഏജൻസികളെ തരംതിരിച്ച് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്ത 52 ഏജൻസികൾക്ക് 4,71,677 രൂപയുടെ സമ്മാനങ്ങളാണ് വിതരണം ചെയ്തത്.

# ഫെബ്രുവരി മൂന്നാംവാരം മുതൽ തദ്ദേശ സ്വയംഭരണത്തിന് ഒറ്റവകുപ്പ്: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

വിവിധ ഡയറക്ടറേറ്റുകളും അനുബന്ധ ഏജൻസികളുമായി പരന്നുകിടക്കുന്ന, ഒരേസ്വഭാവമുള്ള അഞ്ചുവകുപ്പുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എന്ന ഒറ്റവകുപ്പായി തീർക്കുന്നതിലൂടെ ജനസൗഹൃദ സേവനം ഉറപ്പുവരുത്താനാകുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട്, ഉദ്യോഗസ്ഥ പുനർവിന്യാസം സംബന്ധിച്ചും സംസ്ഥാനജില്ലാ ഓഫീസുകളുടെ ഭരണനിർവ്വഹണ ഉത്തരവാദിത്തങ്ങൾ നിശ്ചയിക്കാനും ഉദ്യോഗസ്ഥരെ ബോധവൽക്കരിച്ച് ഒറ്റവകുപ്പിന് കീഴിൽ സജ്ജരാക്കുന്നതിനും വേണ്ടി കൊട്ടാരക്കര സി എച്ച് ആർ ഡിയിൽ സംഘടിപ്പിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗ്രാമ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നഗരകാര്യത്തിനും എൻജിനിയറിങ്ങിനും നഗരഗ്രാമാസൂത്രണത്തിനും വ്യത്യസ്ത വകുപ്പുകളും ജില്ലാ പഞ്ചായത്തുകൾക്ക് ഗവൺമെന്റ് സെക്രട്ടറിയേറ്റുമെന്നതാണ് നിലവിലുള്ള അവസ്ഥ. ഓരോ തുരുത്തുകളിലെന്ന പോലെ വ്യത്യസ്ത വകുപ്പുകൾ നിലനിൽക്കുന്നത് സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജനങ്ങൾക്ക് ഏറ്റവും സുതാര്യമായ സേവനം വേഗത്തിൽ ലഭ്യമാവുമെന്ന് ഉറപ്പുവരുത്താനും സൗഹാർദ്ദപരമായ സമീപനങ്ങളിലൂന്നുന്ന ജനകീയ ഉദ്യോഗസ്ഥ സംവിധാനം രൂപപ്പെടുത്താനും വകുപ്പ് സംയോജനത്തിലൂടെ ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വകുപ്പ് ഏകീകരണം നിലവിൽ വരുമെന്ന് മന്ത്രി അറിയിച്ചു. ഫെബ്രുവരിമാസം മൂന്നാം വാരത്തിൽ വകുപ്പ് ഏകീകരണത്തിന്റെ പ്രഖ്യാപനവും സംസ്ഥാന ഓഫീസിന്റെ ഉദ്ഘാടനവും നിർവ്വഹിക്കും. വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിന്റെ പി എസ് സി പരിശോധന ഏകദേശം പൂർത്തിയായി. അടുത്തുതന്നെ അത് സംബന്ധിച്ച അംഗീകാരം പി എസ് സി യിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി വിശദീകരിച്ചു.

# ഇഓഫീസ് സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കും: മന്ത്രി മുഹമ്മദ് റിയാസ്

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഇഓഫീസ് സംവിധാനം നടപ്പാക്കിയത് അഴിമതി തുടച്ചു നീക്കുവാനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാനും സഹായകരമാകുമെന്ന് പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ്. തിരുവനന്തപുരം പി.എം.ജിയിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപവിഭാഗം ഓഫീസിൽ ഇഓഫീസ് സംവിധാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

എസ്റ്റിമേറ്റുകളും ബില്ലുകളും പ്രൈസ് സോഫ്റ്റ്വെയർ വഴിയാണ് ഇപ്പോൾ ലഭിക്കുന്നതെന്നും ഇഓഫീസ് സംവിധാനം വന്നതോടെ ഹൈടെക് മാതൃകയിലേക്ക് വകുപ്പ് കടക്കുകയാണെന്നും മന്ത്രി പറഞ്ഞു. 12 സർക്കിൾ ഓഫീസുകളിലും 68 ഡിവിഷൻ ഓഫീസുകളിലും കെസ്വാൻ നെറ്റ്വർക്ക് വഴിയും 206 സബ് ഡിവിഷൻ ഓഫീസുകളിലും 430 സെക്ഷൻ ഓഫീസുകളിലും വി.പി.എൻ നെറ്റ്വർക്ക് വഴിയും ഇഓഫീസ് സംവിധാനം നിലവിൽ വന്നതായി മന്ത്രി അറിയിച്ചു.

ഫയലുകളുടെ നീക്കവും ഫയലുകളിൽ നടപടികൾ കൈകൊള്ളാൻ എത്ര സമയമെടുക്കുന്നു എന്നും ഇനി കൃത്യമായി അറിയാൻ സാധിക്കും. കാസർകോട് നിന്ന് ഒറ്റ ക്ലിക്കിലൂടെ ഫയലുകൾ തിരുവനന്തപുരത്ത് ബന്ധപ്പെട്ട ഓഫീസുകളിൽ എത്തും. സമയനഷ്ടം ഒഴിവാക്കാനും വേഗത്തിൽ തീരുമാനങ്ങളെടുക്കാനും നടപടിക്രമങ്ങളിൽ പല തട്ടുകൾ ഒഴിവാക്കാനും ഇഓഫീസ് സംവിധാനത്തിലൂടെ സാധിക്കുമെന്നും ഇത് അഭിമാനകരമായ നേട്ടമാണെന്നും മന്ത്രി പറഞ്ഞു.

താഴെത്തട്ട് വരെ ഇഓഫീസ് സംവിധാനം നടപ്പാക്കുന്ന ആദ്യത്തെ വകുപ്പാണ് പൊതുമരാമത്തെന്ന് വകുപ്പ് സെക്രട്ടറി ആനന്ദ് സിംഗ് പറഞ്ഞു. ജോയിന്റ് സെക്രട്ടറി സാംബശിവറാവു, ചീഫ് എൻജിനിയർ (ഭരണ വിഭാഗം) മധുമതി എന്നിവർ പങ്കെടുത്തു.

# കഴിഞ്ഞവർഷം സ്ത്രീകൾക്കെതിരെ 31,000 കുറ്റകൃത്യങ്ങൾ

## ഏറ്റവും മുന്നിൽ ഉത്തർപ്രദേശ്

ലഖ്നൗ: രാജ്യത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ ഏറ്റവും മുന്നിൽ ഉത്തർപ്രദേശ്. ദേശീയ വനിതാ കമ്മിഷനാണ് തങ്ങൾക്ക് ലഭിച്ച പരാതികളെ സംബന്ധിച്ച വിവരങ്ങൾ പുറത്തുവിട്ടത്.

31,000 പരാതികളാണ് കഴിഞ്ഞ വർഷം മാത്രം വനിതാകമ്മിഷന് ലഭിച്ചിട്ടുള്ളത്. ഇതിൽ പകുതിയിലേറെയും ഉത്തർപ്രദേശിൽ നിന്നാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. 2020 ൽ 23,722 പരാതികൾ ലഭിച്ചപ്പോൾ 2021ൽ 30 ശതമാനം വർധനയുണ്ടായി. ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് 6,633 കേസുകളും സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട് 4,589 കേസുകളുമാണ് എൻസിഡബ്ല്യുവിന്റെ കണക്കുകളിലുള്ളത്.

രാജ്യത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമായ ഉത്തർപ്രദേശിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ 15,828 പരാതികൾ രേഖപ്പെടുത്തി. ഡൽഹി (3,336), മഹാരാഷ്ട്ര (1,504), ഹരിയാന(1,460), ബിഹാർ (1,456) എന്നിങ്ങനെയാണ് കേസുകൾ.

അന്തസോടെ ജീവിക്കാനുള്ള അവകാശത്തിനുനേരെയുള്ള അതിക്രമം, ഗാർഹിക പീഡനം എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചത് ഉത്തർപ്രദേശിൽ നിന്നാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

2014ന് ശേഷമുള്ള ഏറ്റവും ഉയർന്ന കണക്കുകളാണ് ഇവ. 2014ൽ ആകെ 33,906 പരാതികളാണ് ലഭിച്ചത്. സ്ത്രീകളോടുള്ള അനാദരവ് അല്ലെങ്കിൽ മാനഭംഗം സംബന്ധിച്ച കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 1,819 പരാതികൾ, ബലാത്സംഗം, ബലാത്സംഗശ്രമം എന്നിവയുടെ 1,675, സ്ത്രീകൾക്കെതിരായ പൊലീസ് അനാസ്ഥയുടെ 1,537, സൈബർ കുറ്റകൃത്യങ്ങളുടെ 858 എന്നിങ്ങനെയാണ് പരാതികൾ ലഭിച്ചിരിക്കുന്നത്.

# കായിക്കരപ്പാലം നിർമ്മാണം: സാമൂഹിക ആഘാത പഠനത്തിന് അനുമതി

ചിറയിൻകീഴ്: അഞ്ചുതെങ്ങ്, വക്കം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് സാമൂഹിക ആഘാത പഠനത്തിന് അനുമതിയായി. ഇത് സംബന്ധിച്ച വിജ്ഞാപനം കഴിഞ്ഞ ഡിസംബർ എട്ടിന് പുറത്തിറങ്ങി. സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും നിർവഹണ പദ്ധതി തയാറാക്കുന്നതിനും തിരുവനന്തപുരം ആസ്ഥാനമായ പ്ലാനറ്റ് കേരളയ്ക്കാണ് ചുമതല.

സ്ഥാപനം ഒരു മാസത്തിനുള്ളിൽ പഠനം പൂർത്തീകരിയ്ക്കണമെന്നും ആറുമാസത്തിൽ അധികമാകരുതെന്നും വിജ്ഞാപനത്തിൽ നിഷ്കർഷിക്കുന്നുണ്ട്.

കായിക്കരയേയും വക്കത്തേയും ബന്ധിപ്പിക്കുന്നതിന് ടി എസ് കനാലിനു കുറുകെ കായിക്കര പാലം നിർമ്മിക്കുന്നതിന് 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സാമൂഹികാഘാത പഠനം നടത്തുന്നത്.

# വാക്സിനേഷൻ ആക്ഷൻ പ്ലാൻ രൂപീകരിച്ചു: മന്ത്രി വീണാ ജോർജ്

## വാക്സിനേഷൻ കേന്ദ്രങ്ങൾ തിരിച്ചറിയാൻ പ്രത്യേക ബോർഡ്

15 മുതൽ 18 വയസുവരെയുള്ള കുട്ടികളുടെ കോവിഡ് വാക്സിനേഷൻ തിങ്കളാഴ്ച ആരംഭിക്കുന്ന പശ്ചാത്തലത്തിൽ ആക്ഷൻപ്ലാൻ രൂപീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. വകുപ്പുതല, ജില്ലാതല, സംസ്ഥാന തല മീറ്റിംഗുകൾ ചേർന്ന ശേഷമാണ് ആക്ഷൻ പ്ലാൻ രൂപീകരിച്ചത്. മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതല യോഗത്തിലാണ് ആക്ഷൻ പ്ലാനിന് അന്തിമ രൂപം നൽകിയത്. നിലവിലെ 18 വയസിന് മുകളിലുള്ളവരുടെ വാക്സിനേഷൻ, കുട്ടികളുടെ വാക്സിനേഷൻ എന്നിവ ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ടിയാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയത്. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള പ്രത്യേക വാക്സിനേഷൻ ടീമിനെ തയ്യാറാക്കുന്നതാണ്. കുട്ടികൾക്കുള്ള വാക്സിനേഷനുള്ള രജിസ്ട്രേഷൻ ആരംഭിച്ചതായും മന്ത്രി വ്യക്തമാക്കി.

വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് 15 മുതൽ 18 വയസുവരെയുള്ള കുട്ടികൾക്കുള്ള വാക്സിനേഷൻ എത്രയും വേഗം പൂർത്തിയാക്കും. കുട്ടികളുടെ പ്രത്യേക വാക്സിനേഷൻ കേന്ദ്രങ്ങളിൽ കോവാക്സിൻ മാത്രമാകും നൽകുക. ജനുവരി 10 വരെ ബുധനാഴ്ച ഒഴികെ ഞായറാഴ്ച ഉൾപ്പെടെ എല്ലാ ദിവസവും ജനറൽ/ജില്ലാ/താലൂക്ക്/സിഎച്ച്സി എന്നിവിടങ്ങളിൽ കുട്ടികൾക്കുള്ള വാക്സിനേഷൻ ഉണ്ടായിരിക്കും. കുട്ടികളുടെ വാക്സിനേഷനായി പ്രത്യേക വാക്സിനേഷൻ കേന്ദ്രങ്ങൾ ഈ ആശുപത്രികളിലുണ്ടാകും. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബുധനാഴ്ചയൊഴികെ ഞായറാഴ്ച ഉൾപ്പെടെ 4 ദിവസങ്ങളിൽ കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രം പ്രവർത്തിക്കും. കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രങ്ങൾ പെട്ടെന്ന് തിരിച്ചറിയാനായി പിങ്ക് നിറത്തിലുള്ള ബോർഡ് പ്രദർശിപ്പിക്കും. ഈ ബോർഡുകൾ വാക്സിനേഷൻ കേന്ദ്രത്തിന്റെ പ്രവേശന കവാടം, രജിസ്ട്രേഷൻ സ്ഥലം, വാക്സിനേഷൻ സ്ഥലം എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കും.

സ്മാർട്ട് ഫോണോ ഇന്റർനെറ്റുള്ള കമ്പ്യൂട്ടർ ഉപയോഗിച്ചോ കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വാക്സിനേഷനായി പോകുന്നതായിരിക്കും നല്ലത്. സ്വന്തമായി രജിസ്റ്റർ ചെയ്യാൻ കഴിയാത്ത കുട്ടികളെ വിദ്യാഭ്യാസ വകുപ്പ് സഹായിക്കാമെന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ രജിസ്റ്റർ ചെയ്യുമ്പോൾ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്തെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ നടത്താൻ കഴിയാത്ത കുട്ടികൾക്ക് വാക്സിനേഷൻ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് വാക്സിൻ സ്വീകരിക്കാം. ഓരോ വിദ്യാഭ്യാസ സ്ഥാപനവും വാക്സിൻ എടുത്തവരുടേയും എടുക്കാത്തവരുടേയും എണ്ണം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകും. അതിന്റെ കോപ്പി ആർസിഎച്ച് ഓഫീസർക്കും നൽകും. വാക്സിനേഷൻ കേന്ദ്രങ്ങളിൽ കോവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കണം.

ബുധനാഴ്ചയും ഞായറാഴ്ചയും ഒഴികെയുള്ള എല്ലാ ദിവസവും ജനറൽ/ജില്ലാ/താലൂക്ക്/സിഎച്ച്സി എന്നിവിടങ്ങളിൽ 18 വയസിന് മുകളിലുള്ളവർക്കായി പ്രത്യേക വാക്സിനേഷൻ കേന്ദ്രം ഉണ്ടായിരിക്കും. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ഇവർക്കുള്ള വാക്സിനേഷൻ സെന്റർ പ്രവർത്തിക്കും. മുതിർന്നവരുടെ വാക്സിനേഷൻ കേന്ദ്രം തിരിച്ചറിയാനായി നീല നിറത്തിലുള്ള ബോർഡായിരിക്കും സ്ഥാപിക്കുക. ഈ ബോർഡുകൾ വാക്സിനേഷൻ കേന്ദ്രത്തിന്റെ പ്രവേശന കവാടം, രജിസ്ട്രേഷൻ സ്ഥലം, വാക്സിനേഷൻ സ്ഥലം എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കും. വാക്സിനേഷൻ കേന്ദ്രങ്ങൾ തെറ്റിപ്പോകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

## തൊഴിൽ തർക്ക കേസുകൾ സിറ്റിങ്

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലും ഇൻഷൂറൻസ് കോടതി ജഡ്ജിയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യൻ ജനുവരി 3, 4, 10, 11, 17, 18, 24, 25, 31 തീയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 6, 14 തീയതികളിൽ പെരിന്തൽമണ്ണ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 21,28 തീയതികളിൽ മഞ്ചേരി ഇന്ദിരാഗാന്ധി ബസ് ടെർമിനൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ കോടതി ഹാളിലും തൊഴിൽ തർക്ക കേസുകളും ഇൻഷൂറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ ചെയ്യും.

## ഡിഫറന്റ് ആർട് സെന്ററിൽ സന്ദർശനം നടത്തി നടൻ ടൊവിനൊ

തിരുവനന്തപുരം: ഡിഫറന്റ് ആർട് സെന്ററിൽ സന്ദർശനം നടത്തി നടൻ ടൊവിനൊ. ടൊവിനൊയുടെ അപ്രതീക്ഷിതമായ സന്ദർശനം അക്ഷരാർത്ഥത്തിൽ ഭിന്നശേഷിക്കുട്ടികളെ ഞെട്ടിച്ചു. പുതുവത്സരത്തലേന്ന് കുട്ടികൾക്ക് ലഭിച്ച ഇരട്ടിമധുരമായി ടൊവിനോയുടെയും കുടുംബത്തിന്റെയും സന്ദർശനം.

ഭിന്നശേഷിക്കുട്ടികളുടെ ചിത്രകലാ വൈഭവങ്ങൾ ഉൾക്കൊള്ളിച്ച 2022ലെ ടേബിൾ കലണ്ടർ പ്രകാശനം ടൊവിനൊ നിർവഹിച്ചു. ഭിന്നശേഷിക്കുട്ടികളുടെ മനസുനിറഞ്ഞ ചിരിക്ക് കാരണമായ യഥാർത്ഥ സൂപ്പർ ഹീറോ ഗോപിനാഥ് മുതുകാടാണെന്ന് ടൊവിനോ പറഞ്ഞു.

കുട്ടികളുടെ കലാകേന്ദ്രം സമൂഹത്തിന് പ്രചോദനമാണ്. ഭിന്നശേഷിക്കുട്ടികളുടെ മിന്നും പ്രകടനം ഒരു കലാകാരനെന്ന നിലയിൽ എന്നെ ഞെട്ടിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡിഫറന്റ് ആർട് സെന്ററിൽ ഒരു മണിക്കൂറോളം ചെലവഴിച്ചാണ് ടൊവിനോയും കുടുംബവും മടങ്ങിയത്. ഗോപിനാഥ് മുതുകാട്, മാനേജർ ജിൻജോസഫ് എന്നിവർ പങ്കെടുത്തു.

## വാക്ക് ഇൻ ഇന്റർവ്യു

തിരുവനന്തപുരം: സർക്കാർ ആയുർവേദ കോളജിലെ ശല്യതന്ത്ര വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യു നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഈ മാസം 11ന് രാവിലെ 10.30ന് ഓഫീസിൽ ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ: 04712460190.

# നിർമ്മാണ സാമഗ്രികൾ മോഷ്ടിച്ചെടുത്ത പ്രതികൾ പിടിയിൽ

തിരുവനന്തപുരം: കഴക്കൂട്ടത്ത് എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണ സാമഗ്രികൾ മോഷ്ടിച്ചെടുത്ത കേസിൽ മൂന്നുപേരെ പൊലീസ് പിടികൂടി. കാര്യവട്ടം ആലംകോട് മഠത്ത് വീട്ടിൽ പ്രദീപ്(39), മേനംകുളം കല്പന വാർഡ് വിളയിൽ വീട്ടിൽ ഞണ്ട് എന്ന് വിളിക്കുന്ന മണിയൻ(42), കഴക്കൂട്ടം വടക്കുംഭാഗം മണക്കാട്ടു വിളാകം വീട്ടിൽ കുണ്ട്രു എന്നു വിളിക്കുന്ന സുബൈർ(44) എന്നിവരെയാണ് കഴക്കൂട്ടം പൊലീസ് അറസ്റ്റ് ചെയ്തത്.

ചൊവ്വാഴ്ച് ഉച്ചയ്ക്കാണ് മോഷണം നടന്നത്. കഴക്കൂട്ടം പൊലീസ് സ്റ്റേഷന് എതിർവശത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എലിവേറ്റഡ് ഹൈവേയുടെ പില്ലറുകൾക്കിടയിൽ സൂക്ഷിച്ചിരുന്ന ഇരുമ്പ് ബ്രാക്കറ്റുകൾ പ്രതികൾ മോഷ്ടിച്ചെടുക്കുകയായിരുന്നു. നിർമ്മാണ കമ്പനി മാനേജർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്ത പൊലീസ് പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ തിരിച്ചറിഞ്ഞത്.

ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികളെക്കുറിച്ച് കഴക്കൂട്ടം സൈബർ സിറ്റി എസിപി ഹരി സി എസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്എച്ച്ഒ പ്രവീൺ ജെ എസ്, എസ്ഐമാരായ മിഥുൻ, ജിനു, എസ്സിപിഒ ബൈജു, സിപിഒമാരായ ചിന്നു, ശ്യാം എന്നിവരടങ്ങിയ പൊലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# ലക്ഷദ്വീപിന് ഒരു പുതിയ ബ്രാൻഡ് രൂപപ്പെടുത്തി നൽകാൻ ആഹ്വാനം ചെയ്ത് ഉപരാഷ്ട്രപതി

## കേരള, ലക്ഷദ്വീപ് സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ഇന്നു മടങ്ങും



ന്യൂഡൽഹി: കൊച്ചി: നാലു ദിവസത്തെ കേരള, ലക്ഷദ്വീപ് സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി എം. വെങ്കയ്യനായിഡു തിങ്കളാഴ്ച മടങ്ങും. കൊച്ചി നാവികസേനാ വിമാനത്താവളത്തിൽ നിന്നു വൈകിട്ട് അഞ്ചിനു വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണു മടക്കം.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, വ്യവസായ മന്ത്രി പി. രാജീവ്, മേയർ എം. അനിൽകുമാർ, ഹൈബി ഈഡൻ എംപി, ടി.ജെ. വിനോദ് എംഎൽഎ, എഡിജിപി വിജയ് സാഖറെ, റിയർ അഡ്മിറൽ ആൻറണി ജോർജ്, സിറ്റി പോലീസ് കമ്മീഷണർ സി. നാഗരാജു, ജില്ലാ കളക്ടർ ജാഫർ മാലിക് തുടങ്ങിയവർ അദ്ദേഹത്തെ യാത്രയാക്കും.

ഉപരാഷ്ട്രപതിക്കൊപ്പം ഭാര്യ ഉഷ, കുടുംബാംഗങ്ങൾ എന്നിവരുമുണ്ട്.

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കുള്ള തന്റെ ആദ്യ ഔദ്യോഗിക സന്ദർശനത്തിനിടെ കടമത്ത്, അന്ത്രോത്ത് ദ്വീപുകളിലെ രണ്ട് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉപരാഷ്ട്രപതി ശ്രീ വെങ്കയ്യ നായിഡു ഇന്ന് ഉദ്ഘാടനം ചെയ്തു.

രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വെള്ളിയാഴ്ചയാണ് ഉപരാഷ്ട്രപതി കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിൽ എത്തിയത്.

കലർപ്പില്ലാത്ത പ്രകൃതി സൗന്ദര്യം എന്നിവയുടെ അത്യപൂർവ സംയോജനം ലക്ഷദ്വീപിന് സ്വന്തമാണെന്ന് കടമത്ത് ദ്വീപിൽ പൊതുജനങ്ങളെ അഭിസംബോധന ചെയ്യവെ ശ്രീ നായിഡു അഭിപ്രായപ്പെട്ടു. ദ്വീപ്നിവാസികളുടെ ആതിഥ്യമര്യാദ തന്നെ ഏറെ ആകർഷിച്ചതായും ഉപരാഷ്ട്രപതി പറഞ്ഞു.

ലക്ഷദ്വീപിന്റെ സൗന്ദര്യത്തെ അഭിനന്ദിക്കവേ, തങ്ങളുടെ ജീവിതകാലയളവിൽ ഒരിക്കലെങ്കിലും ഇവിടം സന്ദർശിക്കാൻ എല്ലാവരും പരിശ്രമിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

രണ്ട് കോളേജുകളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കവേ, ഇവിടങ്ങളിൽ ലഭിക്കുന്ന കോഴ്സുകൾ ദ്വീപിലെ വിദ്യാർഥികൾക്ക്, പ്രത്യേകിച്ചും പെൺകുട്ടികൾക്ക് മേഖലയുടെ ഭൂമിശാസ്ത്രപരമായ പരിമിതികളെ മറികടക്കാൻ സഹായിക്കുമെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. തൊഴിൽ സാധ്യതകൾ വർധിപ്പിച്ചുകൊണ്ട് ഉന്നത ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടാൻ ഇത് അവരെ സഹായിക്കും.

കോളേജുകൾ അഫിലിയേറ്റ് ചെയ്തിരിക്കുന്ന പോണ്ടിച്ചേരി സർവ്വകലാശാലയുടെ ചാൻസലർ കൂടിയായ ഉപരാഷ്ട്രപതി, നൈപുണ്യ വികസന സംബന്ധിയായ ഹ്രസ്വകാല കോഴ്സുകൾ കൂടി തുടങ്ങണമെന്ന് ഭരണകൂടത്തിന് ഉപദേശം നൽകി.

പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം, മത്സ്യബന്ധനം എന്നീ മേഖലകളിൽ ലക്ഷദ്വീപിനുള്ള വലിയ സാധ്യതകൾ ചൂണ്ടിക്കാട്ടവേ ജലക്കൃഷി, വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി മേഖല തുടങ്ങിയവയുമായി ബന്ധപ്പെട്ട കോഴ്സുകൾ പ്രയോജനപ്പെടുത്തണമെന്നും, പ്രകൃതിദത്തമായി തങ്ങൾക്ക് മുൻതൂക്കമുള്ള ഈ മേഖലകളിൽ കൂടുതൽ മികവു കൈവരിക്കാൻ പരിശ്രമിക്കണമെന്നും ശ്രീ നായിഡു യുവ ജനങ്ങളോട് ആഹ്വാനം ചെയ്തു.

പുതുതായി സ്ഥാപിക്കുന്ന കോളേജുകൾ ദ്വീപിലെ യുവാക്കളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുക മാത്രമല്ല മേഖലയുടെ സാമൂഹികസാമ്പത്തിക സ്ഥിതി തന്നെ മാറ്റിമറിക്കുമെന്ന് ഉപരാഷ്ട്രപതി പ്രതീക്ഷ പ്രകടിപ്പിച്ചു.

രാജ്യത്തിന്റെ വികസനത്തിന് ലക്ഷദ്വീപ് സമൂഹങ്ങളുടെ വികസനം അത്യന്താപേക്ഷിതമാണെന്ന് ഉപരാഷ്ട്രപതി ഊന്നി പറഞ്ഞു. ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് ദ്വീപിൽ പൂർണ്ണ നിരോധനമേർപ്പെടുത്താൻ ഭരണകൂടവും ജനങ്ങളും പുലർത്തിയ പ്രതിജ്ഞാബദ്ധതയെ അദ്ദേഹം അഭിനന്ദിച്ചു. രണ്ട് വർഷ കാലയളവിനുള്ളിൽ ഹരിത ഊർജ്ജ രൂപങ്ങളിലേക്ക് പൂർണ്ണമായി മാറുക എന്ന ലക്ഷ്യത്തിലേക്ക് ദ്വീപസമൂഹങ്ങൾ അടുക്കുകയാണെന്ന വസ്തുത അഭിനന്ദനാർഹമാണെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

'സ്വച്ഛ് ലക്ഷദ്വീപ്' പരിപാടിക്ക് കീഴിൽഒരു പൊതുജന മുന്നേറ്റത്തിനു അദ്ദേഹം ആഹ്വാനം ചെയ്തു.

വിദ്യാഭ്യാസത്തിൽ പ്രായോഗികതയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ ഉപരാഷ്ട്രപതി ദ്വീപിൽ ദീർഘകാലമായി നിലനിൽക്കുന്ന ശുദ്ധജല പ്രശ്നങ്ങൾ അടക്കമുള്ള വിഷയങ്ങളിൽ നൂതന പരിഹാരങ്ങൾ കാണാൻ ശ്രമിക്കണമെന്ന് യുവാക്കളോട് ആവശ്യപ്പെട്ടു.

വിനോദ്സഞ്ചാരം, മത്സ്യബന്ധനം എന്നിവയെ ലക്ഷദ്വീപിന്റെ വലിയ കരുത്തായി വിശേഷിപ്പിച്ച ഉപരാഷ്ട്രപതി പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം, സുസ്ഥിര മത്സ്യബന്ധനം എന്നിവയിൽ രാജ്യത്തൊട്ടാകെ മാതൃകയായി മാറാൻ ദ്വീപസമൂഹങ്ങൾ ശ്രമിക്കണമെന്ന് ഓർമിപ്പിച്ചു. തങ്ങളുടെ ദുർബലമായ ജൈവവൈവിധ്യത്തെ അപകടത്തിൽ ആക്കാതെ വേണം ഇത് സാധ്യമാക്കാൻ. സമുദ്രത്തിന്നടിയിലെ ഒപ്ടിക്കൽ ഫൈബർ ശൃംഖലാ സ്ഥാപനം, വിമാനത്താവളങ്ങളുടെ വികസനം, അടിസ്ഥാനസൗകര്യങ്ങൾ ശാക്തീകരിക്കൽ, ചില ദ്വീപുകളിൽ വാട്ടർ വില്ലകൾ സ്ഥാപിക്കാനുള്ള നീക്കം തുടങ്ങി മേഖലയിൽ നടപ്പാക്കുന്ന മുന്നേറ്റങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു.


ആഗോള നിലവാരങ്ങളോട് കിടപിടിക്കുന്ന വിധത്തിൽ മേഖലയിലെ ജനങ്ങളുടെ നൈപുണ്യവികസനം സാധ്യമാക്കേണ്ടതിന്റെ ആവശ്യകത ഉപരാഷ്ട്രപതി എടുത്തുപറഞ്ഞു. മികച്ച ഗുണനിലവാരമുള്ള ഉത്പാദനം, മികച്ച മൂല്യവത്കരണം, എന്നിവ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട അദ്ദേഹം ലക്ഷദ്വീപിൽ നിന്നുള്ള ഉത്പന്നങ്ങൾ ഒരു ബ്രാൻഡ് നെയിം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി.

വലിയ തോതിലുള്ള കടൽപ്പായൽകൃഷി, മത്സ്യബന്ധന മേഖലയെ ആധുനികവൽക്കരിക്കാനുള്ള നടപടികൾ, രാസസംയുക്തങ്ങൾ ഉപയോഗിക്കാതെയുള്ള വെളിച്ചെണ്ണ, കയർ എന്നിവയുടെ ഉത്പാദനം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയവയെ ഉപരാഷ്ട്രപതി അഭിനന്ദിച്ചു.

മികച്ച കായികക്ഷമത, ആരോഗ്യമുള്ള മനസ്സ് എന്നിവയ്ക്കായി യോഗ അടക്കമുള്ള കായിക പരിപാടികളിൽ ശ്രദ്ധ നൽകണമെന്ന് അദ്ദേഹം യുവാക്കളെ ആഹ്വാനം ചെയ്തു. തെങ്ങുകയറ്റത്തിനു ഉപയോഗിക്കുന്ന ഉപകരണങ്ങൾ അടക്കമുള്ളവയും അദ്ദേഹം ചടങ്ങിൽ വിതരണം ചെയ്തു

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ ശ്രീ പ്രഫുൽ പട്ടേൽ, ലോക്സഭാംഗം ശ്രീ മുഹമ്മദ് ഫൈസൽ പി പി, പോണ്ടിച്ചേരി സർവ്വകലാശാല വൈസ് ചാൻസിലർ ശ്രീ ഗുർമീത് സിംഗ്, മുതിർന്ന ഉദ്യോഗസ്ഥർ, വിദ്യാർഥികൾ, അധ്യാപകർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# സംസ്ഥാനത്ത് 45 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു



തിരുവനന്തപുരം സംസ്ഥാനത്ത് 45 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. എറണാകുളം 16, തിരുവനന്തപുരം 9, തൃശൂർ 6, പത്തനംതിട്ട 5, ആലപ്പുഴ, കോഴിക്കോട് 3 വീതം, മലപ്പുറം 2, വയനാട് 1 എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതിൽ 9 പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും 32 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. 4 പേർക്കാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചത്. ആലപ്പുഴയിലെ 3 പേർക്കും തൃശൂരിലെ ഒരാൾക്കുമാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചത്.

എറണാകുളത്ത് 8 പേർ യുഎഇയിൽ നിന്നും, 3 പേർ ഖത്തറിൽ നിന്നും 2 പേർ യുകെയിൽ നിന്നും, ഒരാൾ വീതം ഫ്രാൻസ്, ഫിലിപ്പിൻസ്, തുർക്കി എന്നിവിടങ്ങളിൽ നിന്നും വന്നതാണ്. തിരുവനന്തപുരത്ത് 9 പേരും യുഎഇയിൽ നിന്നും വന്നതാണ്. തൃശൂരിൽ 3 പേർ യുഎഇയിൽ നിന്നും ഒരാൾ സ്വീഡനിൽ നിന്നും എത്തിയതാണ്. പത്തനംതിട്ടയിൽ യുഎഇയിൽ നിന്നും 2 പേരും, ഖസാക്കിസ്ഥാൻ, അയർലാൻഡ്, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നും ഒരാൾ വീതവും വന്നു. കോഴിക്കോട് ഒരാൾ വീതം യുകെ, ഉഗാണ്ട, ഉക്രൈൻ എന്നിവിടങ്ങളിൽ നിന്നും, മലപ്പുറത്ത് രണ്ട് പേർ യുഎഇയിൽ നിന്നും, വയനാട് ഒരാൾ യുഎഇയിൽ നിന്നും വന്നതാണ്. ഇതോടെ സംസ്ഥാനത്ത് ആകെ 152 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 50 പേരും ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 84 പേരും എത്തിയിട്ടുണ്ട്. 18 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

സംസ്ഥാനത്ത് കൂടുതൽ പേർക്ക് ഒമിക്രോൺ സ്ഥിരീകരിച്ച സ്ഥിതിക്ക് എല്ലാവരും അതീവ ജാഗ്രത തുടരണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്ന കൂടുതൽ പേർക്ക് ഒമിക്രോൺ സ്ഥിരീകരിച്ചതിനാൽ ക്വാറന്റൈൻ വ്യവസ്ഥകൾ കർശനമായി പാലിക്കണം. ഒരുതരത്തിലുള്ള സാമൂഹിക ഇടപെടലുകളും പാടില്ല. അവർ പൊതുസ്ഥലങ്ങൾ സന്ദർശിക്കുകയോ പൊതു ചടങ്ങിൽ പങ്കെടുക്കുകയോ ചെയ്യരുത്. പൊതു സ്ഥലങ്ങളിൽ എല്ലാവരും എൻ 95 മാസ്ക് ധരിക്കണം. മാസ്ക് താഴ്ത്തി സംസാരിക്കരുതെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# ഒമിക്രോൺ വ്യാപനം തീവ്രം: രാജ്യത്ത് കോവിഡ് പിടിവിടുന്നു

ന്യൂഡൽഹി : ഒമിക്രോൺ വ്യാപനം തീവ്രമായതോടെ രാജ്യത്ത് പുതുതായി കോവിഡ് സ്ഥിരീകരിക്കുന്നവരുടെ എണ്ണം കുതിച്ചുയരുന്നു. ഞായറാഴ്ച 27,553 പുതിയ രോഗികൾ. 284 മരണവും റിപ്പോർട്ട് ചെയ്തു. ഒക്ടോബറിനുശേഷം ആദ്യമായാണ് പ്രതിദിന കേസ് 20,000 കടക്കുന്നത്. പുതിയ രോഗികളിൽ 21 ശതമാനം വർധന. ഒമിക്രോൺബാധിതരുടെ എണ്ണം 1525 ആയി. 23 സംസ്ഥാനത്ത് പുതിയവകഭേദം പിടിമുറുക്കി. ബംഗാളിൽ സ്കൂളുകൾ പൂട്ടി'

ബംഗാളിൽ ആറു ദിവസത്തിനിടെ കോവിഡ് രോഗികളിൽ 10 ശതമാനം വർധന. തിങ്കളാഴ്ച 439 കേസുണ്ടായിരുന്നത് ശനിയാഴ്ച 4532 ആയി. ഇതോടെ, സ്കൂളുകളും കോളേജുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും തിങ്കളാഴ്ച മുതൽ അടച്ചിടാനും നിയന്ത്രണം കടുപ്പിക്കാനും സർക്കാർ തീരുമാനിച്ചു. സർക്കാർ, സ്വകാര്യ ഓഫീസുകളിൽ 50 ശതമാനം ജീവനക്കാർ. യോഗങ്ങൾ വീഡിയോ കോൺഫറൻസിങ് വഴിയാക്കി. രാത്രി കർഫ്യു ഏർപ്പെടുത്തി.

ഹരിയാനയിൽ രണ്ട് ഡോസും വാക്സിനെടുത്തവർക്ക് മാത്രമാക്കി പൊതുഗതാഗത സംവിധാനങ്ങളിൽ അനുവാദം. കേസുകൾ ഉയർന്ന ഗുരുഗ്രാം, ഫരീദാബാദ്, അമ്പാല, സോണിപത്ത് ജില്ലകളിൽ മാളുകളും മാർക്കറ്റുകളും വൈകിട്ട് അഞ്ചിനുള്ളിൽ അടയ്ക്കണം. പ്രവേശനം വാക്സിനെടുത്തവർക്ക് മാത്രം.

ഡൽഹിയിൽ ഞായറാഴ്ച കോവിഡ് സ്ഥിരീകരിച്ചത് 3100 പേർക്ക്. മെയ് 21ന് ശേഷമുള്ള ഉയർന്ന പ്രതിദിന കണക്ക്. പ്രതിദിന കേസുകളിൽ 50 ശതമാനത്തിലധികം വർധന. മുംബൈയിൽ ശനിയാഴ്ച 6810 പുതിയ രോഗികൾ. രോഗസ്ഥിരീകരണ നിരക്ക് 13 കടന്നു. കർണാടകത്തിൽ ശനിയാഴ്ച 1033 പേർക്ക്. ബംഗളൂരു അർബനിൽമാത്രം 810 കേസ്. ഗുജറാത്തിൽ ശനിയാഴ്ച 1069 പുതിയ രോഗികൾ. ഉത്തരാഖണ്ഡിലെ നൈനിറ്റാളിൽ 85 വിദ്യാർഥികൾക്ക് കൂട്ടത്തോടെ കോവിഡ് സ്ഥിരീകരിച്ചു. ബിഹാറിൽ നളന്ദ മെഡിക്കൽ കോളേജിലെ 16 ഡോക്ടർമാർക്കും കോവിഡ് സ്ഥീരികരിച്ചു.

അടിയന്തര വൈദ്യസഹായത്തിന്റെ ആവശ്യം ഉയരുമെന്നതാണ് ഒമിക്രോൺ സൃഷ്ടിക്കുന്ന വലിയ വെല്ലുവിളിയെന്ന് ലോകാരോഗ്യ സംഘടന മുഖ്യ ശാസ്ത്രജ്ഞ സൗമ്യ സ്വാമിനാഥൻ പ്രതികരിച്ചു. കൂടുതൽ പേർ ചെറിയസമയത്തിനുള്ളിൽ രോഗബാധിതരാകും. ആശുപത്രികളിലെ ഐസിയുവിലും ഒപി വിഭാഗത്തിലും ഉൾപ്പെടെ അതിന്റെ പ്രതിഫലനമുണ്ടാകും.

# സംസ്ഥാന പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ തൃശൂർ ജേതാക്കൾ

കളമശ്ശേരി: പതിനൊന്നാമത് സംസ്ഥാന പാരാലിമ്പിക്സ് അത്‌ലറ്റിക് മീറ്റിൽ തൃശ്ശൂർ ജില്ല ഓവറോൾ ചാമ്പ്യന്മാരായി. 125 പോയിന്റുകൾ കരസ്ഥമാക്കിയാണ് തൃശ്ശൂർ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയത്. എറണാകുളം രണ്ടാമതെത്തി. കളമശ്ശരി രാജഗിരി സ്റ്റേഡിയത്തിൽ നടന്ന ചാമ്പ്യൻഷിപ്പിൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി ശാരീരികവെല്ലുവിളികൾ നേരിടുന്ന 125 ഓളം കായിക താരങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

വീൽചെയർ, ഡോർഫ്, അംപ്യൂട്ടീസ്, കാഴ്ച നഷ്ടപ്പെട്ടവർ തുടങ്ങിയ വിവിധ അവശത അനുഭവിക്കുന്നവരുടെ മത്സരങ്ങൾ അരങ്ങേറി. വിജയികൾ ബാംഗ്ലൂരിലും ചെന്നൈയിലുമായി നടക്കുന്ന ദേശീയ മത്സരങ്ങളിൽ കേരളത്തിന് വേണ്ടി

കുപ്പായമണിയും.ദേശീയ ചാമ്പ്യന്മാരായ നിയാസ്.എസ്, എം.എസ്.സുജിത്. കൃഷ്ണേന്ദു.കെ.ഐ

തുടങ്ങിയവർ വിവിധ ജില്ലകൾക്ക് വേണ്ടി മത്സരിച്ചു.

നേരത്തെ തൃക്കാക്കര അസ്സിസ്റ്റന്റ് പോലീസ് കമ്മീഷണർ പി.വി.ബേബി ഉത്ഘാടനം ചെയ്തു. കളമശ്ശേരി പ്രിൻസിപ്പൽ സബ്ബ് ഇൻസ്പെക്ടർ കിരൺ.സി.നായർ മുഖ്യാതിഥി ആയിരുന്നു. ഫാദർ മാത്യു കിരിയന്തൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി ശശിധരൻ നായർ സ്വാഗതം ആശംസിച്ചു. ഫാദർ പോൾ, എ എം കെ നിസാർ, ആൽഫിയ ജെയിംസ്, പി ശശിധരൻ നായർ തുടങ്ങിയവർ സംസാരിച്ചു. തൃശ്ശൂർ ജില്ലയ്ക്ക് വേണ്ടി ജില്ല പ്രസിഡന്റ് ഫാദർ സോളമൻ ട്രോഫി ഏറ്റുവാങ്ങി.

# കെ റെയിൽ പദ്ധതി നടപ്പാക്കുക തന്നെ ചെയ്യും: കോടിയേരി

കൊട്ടാരക്കര : കെ റെയിൽ സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നതിൽ നിന്നും സംസ്ഥാന സർക്കാർ പിന്നോട്ടില്ലെന്നും പദ്ധതി നടപ്പാക്കുക തന്നെ ചെയ്യുമെന്നും സിപിഐ എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. സിപിഐ എം ജില്ലാ സമ്മേളനത്തിന്റെ പൊതുസമ്മേളനം ഇ കാസിം നഗറിൽ(കൊട്ടാരക്കര റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ ഭാവി വികസനം തടസപ്പെടുത്താനുള്ള രാഷ്ട്രീയ എതിർപ്പുകൾ അംഗീകരിക്കില്ല.

എതിർപ്പുള്ളവരോട് സംസാരിക്കാൻ സർക്കാർ തയാറാണ്. സംശയങ്ങൾ ദൂരിഹരിക്കാനും നടപടിയുണ്ടാവും. വസ്തു നഷ്ടപ്പെടുന്നവരുടെ വികാരം മാനിക്കുന്നു. അവരോട് കാര്യങ്ങൾ വിശദീകരിക്കാനും അവർക്ക് മതിയായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കാനും സർക്കാർ തയാറാണ്. മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുത്ത് യോഗങ്ങൾ വിളിക്കും. ഇക്കാര്യത്തിൽ എൽഡിഎഫ് സർക്കാർ ഉത്തരവാദിത്തം നിറവേറ്റും. കേരളത്തിൽ അതിവേഗ റെയിൽപ്പാത എന്ന പദ്ധതി കൊണ്ടുവന്നത് യുഡിഎഫ് സർക്കാർ ആണ്. എന്നാൽ പദ്ധതി എങ്ങുമെത്തിയില്ല. ഇപ്പോൾ എൽഡിഎഫ് സർക്കാർ നടപ്പാക്കുന്നത് അർധഅതിവേഗ പാത ആണ്. ഇതിന് യുഡിഎഫ് സർക്കാർ നീക്കിവച്ച തുകയുടെ പകുതി മതിയാവും. സിൽവർ ലൈൻ നടപ്പാക്കാൻ കേരളം ഉൾപ്പെടെ എട്ട് സംസ്ഥാനങ്ങൾ തയാറായി മുന്നോട്ടുവന്നു. അവിടങ്ങളിൽ ഒന്നും എതിർപ്പുമായി കോൺഗ്രസും ബിജെപിയും രംഗത്തുവന്നിട്ടില്ല.

കേരളത്തിൽ മാത്രമാണ് വികസനത്തോട് അവരുടെ എതിർപ്പ്. കോൺഗ്രസിന്റെ എതിർപ്പ് ഇത് പിണറായി വിജയൻ സർക്കാർ നടപ്പാക്കാൻ പാടില്ല എന്നതുമാത്രമാണ്. പിണറായിയെ ചരിത്രപുരുഷനാക്കാൻ ഞങ്ങൾ അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞുകഴിഞ്ഞു. എൽഡിഎഫ് വിരോധത്തിന്റെ പേരിൽ വിസകനത്തിന് തുരങ്കംവയ്ക്കുന്നത് ജനങ്ങൾ അംഗീകരിക്കില്ല. ഇത്തരം എതിർപ്പുകൾ കണ്ട് പിൻമാറിയിരുന്നെങ്കിൽ ഗെയിൽ ഗ്യാസ് പദ്ധതിയും ദേശീയപാത വികസനവും ഉൾപ്പെടെ നടപ്പാവില്ലൊയിരുന്നുവെന്നും കോടിയേരി പറഞ്ഞു.

## ബുംറ വൈസ് ക്യാപ്റ്റൻ; ബിസിസിഐ തീരുമാനം വിസ്മയിപ്പിച്ചെന്ന് സാബാ കരിം

മുംബൈ: ദക്ഷിണാഫ്രിക്കയ്ക്കെതിരായ മൂന്നു മത്സര ഏകദിന പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിൻറെ ഉപനായകനായി പേസ് ബോളർ ജസ്പ്രീത് ബുംറയെ നിയമിച്ച ബിസിസിഐയുടെ തീരുമാനം വിസ്മയിപ്പിച്ചെന്നു മുൻ താരം സയിദ് സാബാ കരിം.

ടെസ്റ്റിലും ഏകദിനത്തിലും ടൻറി 20 ടീമിലും സ്ഥിരസാന്നിധ്യമായ ഋഷഭ് പന്തിനെ വൈസ് ക്യാപ്റ്റനാക്കുമെന്നാണു താൻ പ്രതീക്ഷിച്ചതെന്നു പറഞ്ഞ കരിം, ഐപിഎല്ലിൽ ഡൽഹി കാപിറ്റൽസ് നായകനെന്ന നിലയിലും മികച്ച പ്രകടനമാണു പന്ത് കാഴ്ചവച്ചതെന്നും ചൂണ്ടിക്കാട്ടി.

ഐപിഎൽ ടീമുകളെ നയിച്ചു പരിചയമുള്ള ഋഷഭ് പന്ത്, ശ്രേയസ് അയ്യർ തുടങ്ങിയവരെ തഴഞ്ഞാണു ജസ്പ്രീത് ബുംറയെ വൈസ് ക്യാപ്റ്റനാക്കിയത്. പരിക്കേറ്റ രോഹിത് ശർമയുടെ അഭാവത്തിൽ കെ.എൽ. രാഹുലാണ് ടീമിനെ നയിക്കുന്നത്.

# ത്രിദിന ചലച്ചിത്രാസ്വാദന ശില്പശാല നാളെ മുതൽ

തിരുവനന്തപുരം: അധ്യാപകർക്കുള്ള ത്രിദിന ചലച്ചിത്ര ശില്പശാല നാളെ ആരംഭിക്കും. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയും പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ വിദ്യാരംഗം കലാസാഹിത്യ വേദിയും സംയുക്തമായിട്ടാണ് ശില്പശാല സംഘടിപ്പിക്കുന്നത്.

നാളെ രാവിലെ 9.30ന് കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലെ സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആന്റ് ആർക്കൈവ്സിൽ(സിഫ്ര) നടക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം നിർവഹിക്കും. ചലച്ചിത്ര അക്കാദമി വൈസ് ചെയർ പേഴ്സൺ ബീനാപോൾ അധ്യക്ഷത വഹിക്കും. പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു കെ, അഡി. ഡയറക്ടർ ജനറൽ സന്തോഷ് സി എ, ഹയർ സെക്കൻഡറി വിഭാഗം ജോയിന്റ് ഡയറക്ടർ(അക്കാദമിക്) ആർ സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ചീഫ് പ്ലാനിങ് ഓഫീസർ ദീപ മാർട്ടിൻ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി അജോയ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

മൂന്നു ദിവസങ്ങളിലായി നടക്കുന്ന ശില്പശാലയിൽ അടൂർ ഗോപാലകൃഷ്ണൻ, സിബിമലയിൽ, സണ്ണി ജോസഫ്, വിധു വിൻസെന്റ്, കെ ബി വേണു, വിജയകൃഷ്ണൻ, പി എഫ് മാത്യൂസ്, ഡോ. ജി ആർ സന്തോഷ് കുമാർ, ഡോ. ഫാ. ബെന്നി ബെനിഡിക്ട് എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുക്കും. ചലച്ചിത്ര നിരൂപകയും അധ്യാപികയുമായ ഡോ. അനു പാപ്പച്ചനാണ് ക്യാമ്പ് ഡയറക്ടർ.

അഞ്ചിന് നടക്കുന്ന സമാപന സമ്മേളനത്തിൽ സംവിധായകൻ സിബിമലയിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 30 അധ്യാപകരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്.

# കശ്മീർ നേതാക്കൾ വീട്ടുതടങ്കലിൽ

ശ്രീനഗർ: കശ്മീരിലെ പുതിയ മണ്ഡല പുനർ നിർണയത്തിനെതിരെ സമരം പ്രഖ്യാപിച്ചതിന് പിന്നാലെ മൂന്ന് മുൻ ജമ്മു കശ്മീർ മുഖ്യമന്ത്രിമാർ വീട്ടുതടങ്കലിൽ.

കശ്മീരിലെ പ്രധാന രാഷ്ട്രീയപാർട്ടികളുടെ കൂട്ടായ്മയായ ഗുപ്കാർ സഖ്യം മാർച്ച് നടത്തുമെന്ന് പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഫറൂഖ് അബ്ദുല്ല, മെഹബൂബ മുഫ്തി, ഒമർ അബ്ദുല്ല എന്നിവർ വീട്ടുതടങ്കലിലായത്. ശ്രീനഗറിലെ അതീവ സുരക്ഷ മേഖലയായ ഗുപ്കർ റോഡിൽ ഇവരുടെ വീടുകൾക്ക് മുന്നിൽ വലിയ ട്രക്കുകൾ നിർത്തിയിട്ടിരിക്കുകയാണ്. ആരെയും വീട്ടിനകത്തേക്ക് കടത്തിവിടുകയോ, പുറത്തിറങ്ങാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. വീടിനു മുമ്പിൽ സുരക്ഷ ജീവനക്കാർ തമ്പടിച്ചിരിക്കുന്നതിന്റെ ചിത്രം ഉൾപ്പെടുത്തി ഒമർ ഒബ്ദുല്ല ട്വീറ്റ് ചെയ്തു.

മണ്ഡല പുനർ നിർണയ ശുപാർശകൾ അപാകതകൾ നിറഞ്ഞതാണെന്ന് ഗുപ്കാർ സഖ്യത്തിന്റെ നിലപാട്. ജമ്മുവിൽ ആറ് മണ്ഡലങ്ങൾ വർധിപ്പിച്ചപ്പോൾ കശ്മീരിൽ ഒരു മണ്ഡലം മാത്രമാണ് വർധിപ്പിച്ചത്. ബിജെപിക്ക് സ്വാധീനമുള്ള ജമ്മുവിൽ കൂടുതൽ സീറ്റുകൾ വർധിപ്പിക്കുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളതാണെന്നും ശാസ്ത്രീയമായ വിഭജനത്തിന് പകരം രാഷ്ട്രീയമായ മണ്ഡല വിഭജനമാണ് നടത്തുന്നതെന്നും പ്രതിപക്ഷം ആരോപിക്കുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.